2025
DECEMBER
08
MONDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




## ഇന്ത്യ–യുഎസ് വ്യാപാരക്കരാർ; പത്തു മുതൽ ചർച്ച

**ന്യൂഡൽഹി:** ഇന്ത്യയും അമേരിക്കയും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരക്കരാറിന്റെ ആദ്യഘട്ടത്തെ സംബന്ധിച്ചുള്ള ചർച്ചകൾ ഈ മാസം പത്തിന് ആരംഭിക്കുമെന്ന് സൂചന.

വ്യാപാരക്കരാറിൽ ധാരണയിലെത്താനുള്ള കാര്യങ്ങൾ സംബന്ധിച്ചുള്ള ത്രിദിന ചർച്ച 12ന് അവസാനിക്കുമെന്നും ഈ ചർച്ച ഔദ്യോഗികമല്ലെന്നും ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. റഷ്യയിൽനിന്ന് ക്രൂഡ് ഓയിൽ വാങ്ങുന്നതിന് ഇന്ത്യക്കുമേൽ അമേരിക്ക 25 ശതമാനം അധിക പിഴത്തീരുവ ഏർപ്പെടുത്തിയതിനുശേഷം യു.എസ് അധികൃതർ വ്യാപാര ചർച്ചകൾക്കായി രണ്ടാം തവണയാണ് ഇന്ത്യയിലെത്തുന്നത്. ഇതിനുമുമ്പ് സെപ്റ്റംബർ 16നായിരുന്നു യുഎസ് പ്രതിനിധിസംഘം രാജ്യത്തെത്തിയത്. ഇതിനുപിന്നാലെ വ്യവസായമന്ത്രി പിയൂഷ് ഗോയൽ സെപ്റ്റംബർ 22ന് വ്യാപാര ചർച്ചകൾക്കായി അമേരിക്ക സന്ദർശിച്ചിരുന്നു.

റഷ്യൻ പ്രസിഡന്റ് വ്ളാഡിമർ പുടിന്റെ ദ്വിദിന ഇന്ത്യൻ സന്ദർശനത്തിനു പിന്നാലെയാണ് ഉഭയകക്ഷി വ്യാപാരക്കരാറിന്റെ അനൗദ്യോഗിക ചർച്ചകൾക്കായി യു.എസ് പ്രതിനിധിസംഘം രാജ്യത്ത് എത്തുന്നതെന്ന പ്രത്യേകതയുമുണ്ട്.



## പതഞ്ജലി ഗ്രൂപ്പും റഷ്യൻ സർക്കാരും തമ്മിൽ ധാരണാപത്രത്തിൽ ഒപ്പുവച്ചു

**ന്യൂഡൽഹി:** പതഞ്ജലി ഗ്രൂപ്പും റഷ്യൻ സർക്കാരും തമ്മിൽ ധാരണാപത്രത്തിൽ ഒപ്പുവച്ചു. ക്ഷേമം, ആയുർവേദം, എന്നീ മേഖലകളിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം ശക്തമാക്കുകയെന്നതാണ് ധാരണാപത്രംകൊണ്ട് ലക്ഷ്യമിടുന്നത്. പതഞ്ജലി ആയുർവേദ സഹസ്ഥാപകൻ ബാബ രാംദേവും റഷ്യൻ വാണിജ്യ മന്ത്രിയുമായ സെർജി ചെറിയോമിൻ എന്നിവർ ചേർന്നാണ് കരാറിൽ ഒപ്പുവച്ചത്.

പതഞ്ജലിയുടെ ഉത്പന്നങ്ങൾ റഷ്യയിലുടനീളം വ്യാപിപ്പിക്കാനാണ് കരാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്ന് ബാബ രാംദേവ് വ്യക്തമാക്കി. റഷ്യൻ പൗരന്മാർക്കിടയിൽ പ്രചാരത്തിലുള്ള യോഗ, ആയുർവേദ, പ്രകൃതി ചികിത്സ എന്നിവയ്ക്കാണ് കരാർ മുൻഗണന നൽകുന്നത്.

## ടോൾ പ്ലാസകൾ ഒരു വർഷത്തിനകം നിർത്തലാക്കുമെന്ന് നിതിൻ ഗഡ്കരി



**ന്യൂഡൽഹി:** ദേശീയപാതകളിൽ തടസ്സമില്ലാത്ത യാത്ര ഉറപ്പാക്കാൻ ടോൾ ശേഖരണ രീതി ഒരു വർഷത്തിനകം പൂർണമായും പരിഷ്കരിക്കുമെന്ന് ഗതാഗതമന്ത്രി നിതിൻ ഗഡ്കരി. രാജ്യത്ത് പത്തിടത്ത് പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിച്ച സംവിധാനമാണ് എല്ലാ ദേശീയ പാതകളിലേക്കും വ്യാപിപ്പിക്കുന്നതെന്നും മന്ത്രി ലോക്സഭയിൽ അറിയിച്ചു. നാഷനൽ പേയ്മെന്റ് കോർപറേഷൻ (എൻ.പി.സി.ഐ) തയാറാക്കിയ നാഷനൽ ഇലക്ട്രോണിക് ടോൾ കലക്ഷൻ (എൻ.ഇ.ടി.സി) സംവിധാനം വഴിയാണ് ടോൾ പ്ലാസകൾ ഇല്ലാതെ തന്നെ തുക ഈടാക്കുക.

ജി.പി.എസ്, ഓട്ടമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ (എ.എൻ.പി.ആർ) ക്യാമറകൾ എന്നിവ സ്ഥാപിച്ച് എ.ഐ സഹായത്തോടെയാണ് ടോൾ നിർണയിക്കുന്നത്. ഈ തുക ഫാസ്റ്റാഗിൽ നിന്നു ശേഖരിക്കും. 10 ലക്ഷം കോടി രൂപ ചെലവിൽ 4,500 പദ്ധതികളാണ് ദേശീയപാത അതോറിറ്റി (എൻ.എച്ച്.എ.ഐ) നിലവിൽ ചെയ്യുന്നതെന്നും മന്ത്രി പറഞ്ഞു. ടോൾ പ്ലാസകളിലെ തിരക്ക് കുറയ്ക്കാൻ വാണിജ്യേതര സ്വകാര്യ വാഹനങ്ങൾക്ക് ഓഗസ്റ്റ് 15 മുതൽ വാർഷിക പാസ് സംവിധാനം എൻ.എച്ച്.എ.ഐ ഏർപ്പെടുത്തിയിരുന്നു.

## ഇൻഡിഗോ പ്രവർത്തന പ്രതിസന്ധി

# നടപടിയുമായി കേന്ദ്രം; റീഫണ്ട് ഉറപ്പാക്കും

### യാത്രക്കാരിൽ നിന്ന് റീഷെഡ്യൂളിംഗ് ചാർജുകൾ ഈടാക്കരുത്
### യാത്രക്കാരുടെ അവകാശങ്ങൾ പൂർണ്ണമായും സംരക്ഷിക്കപ്പെടണം

**തിരുവനന്തപുരം:** യാത്രക്കാർക്ക് ഇനിയും നൽകിയിട്ടില്ലാത്ത എല്ലാ റീഫണ്ടുകളും കാലതാമസമില്ലാതെ നൽകാൻ സിവിൽ വ്യോമയാന മന്ത്രാലയം ഇൻഡിഗോയ്ക്ക് നിർദ്ദേശം നൽകി. റദ്ദാക്കിയതോ തടസ്സപ്പെട്ടതോ ആയ എല്ലാ വിമാനങ്ങളുടെയും ടിക്കറ്റ് റീഫണ്ട് പ്രക്രിയ 2025 ഡിസംബർ 7 ഞായറാഴ്ച രാത്രി 8:00 മണിയോടെ പൂർണ്ണമായും പൂർത്തിയാക്കണമെന്ന് മന്ത്രാലയം നിർദ്ദേശിച്ചു. വിമാനം റദ്ദാക്കിയത് മൂലം യാത്ര മുടങ്ങിയ യാത്രക്കാരിൽ നിന്ന് റീഷെഡ്യൂളിംഗ് ചാർജുകൾ ഈടാക്കരുതെന്ന് വിമാനക്കമ്പനികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റീഫണ്ട് നൽകുന്നതിൽ ഏതെങ്കിലും തരത്തിലെ കാലതാമസമോ അല്ലെങ്കിൽ നൽകാതിരിക്കുകയോ ഉണ്ടായാൽ, ഉടനടി നിയന്ത്രണ നടപടികൾ നേരിടേണ്ടിവരുമെന്ന് മന്ത്രാലയം വ്യക്തമാക്കി.

റീഫണ്ടിനും സുഗമമായ പരാതി പരിഹാരം ഉറപ്പാക്കാനും യാത്രക്കാർക്കായി പ്രത്യേക പിന്തുണ സംവിധാനം സ്ഥാപിക്കാൻ ഇൻഡിഗോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ദുരിതബാധിതരായ യാത്രക്കാരെ മുൻകൂട്ടി ബന്ധപ്പെടാനും ഒന്നിലധികം തുടർനടപടികളുടെ ആവശ്യമില്ലാതെ റീഫണ്ടുകളും ബദൽ യാത്രാ ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കാനും ഈ കേന്ദ്രങ്ങൾ പ്രവർത്തിക്കണം. വിമാനയാത്രാ സേവനങ്ങൾ പൂർണ്ണമായും സ്ഥിരത കൈവരിക്കുന്നതുവരെ ഓട്ടോമാറ്റിക് റീഫണ്ട് സംവിധാനം സജീവമായി തുടരും. വിമാന റദ്ദാക്കലുകളോ കാലതാമസമോ കാരണം യാത്രക്കാരുടെ പക്കൽ നിന്നും മാറ്റപ്പെട്ട എല്ലാ ബാഗേജുകളും അടുത്ത 48 മണിക്കൂറിനുള്ളിൽ കണ്ടെത്തി യാത്രക്കാരന്റെ താമസ സ്ഥലത്തോ അല്ലെങ്കിൽ ആവശ്യപ്പെടുന്ന മേൽവിലാസത്തിലോ എത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ മന്ത്രാലയം ഇൻഡിഗോയ്ക്ക് നിർദ്ദേശം നൽകി. ബാഗ്ഗേജ് ട്രാക്കിംഗ്, വിതരണം ചെയ്യൽ എന്നിവ സംബന്ധിച്ച സമയക്രമം, യാത്രക്കാരുമായി വ്യക്തമായി ആശയവിനിമയം നടത്താനും നിലവിലുള്ള യാത്രക്കാരുടെ അവകാശ ചട്ടങ്ങൾ പ്രകാരം ആവശ്യമുള്ളിടത്ത് നഷ്ടപരിഹാരം നൽകാനും വിമാനക്കമ്പനികളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രതിസന്ധി സമയത്ത് യാത്രക്കാരുടെ അവകാശങ്ങൾ പൂർണ്ണമായും സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാൻ സിവിൽ വ്യോമയാന മന്ത്രാലയം വിമാനക്കമ്പനികൾ, വിമാനത്താവളങ്ങൾ, സുരക്ഷാ ഏജൻസികൾ, പ്രവർത്തന പങ്കാളികൾ എന്നിവരുമായി തുടർച്ചയായ ഏകോപനം നടത്തിവരുന്നു. മുതിർന്ന പൗരന്മാർ, ഭിന്നശേഷി യാത്രക്കാർ, വിദ്യാർത്ഥികൾ, രോഗികൾ, അടിയന്തര യാത്ര ആവശ്യമുള്ളവർ എന്നിവർക്ക് അവശ്യ സൗകര്യം ഉറപ്പാക്കുന്നതിന് മേൽനോട്ട സംവിധാനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. വിമാനയാത്ര സേവനങ്ങളുടെ പുനഃസ്ഥാപന പ്രക്രിയ സൂക്ഷ്മമായി നിരീക്ഷിക്കുന്നത് തുടരുകയാണെന്നും മന്ത്രാലയം വ്യക്തമാക്കി




## ആഡ്വെന്റ് വേൾപൂൾ ഇന്ത്യ ചർച്ച പരാജയപ്പെട്ടു

**മുംബൈ:** ആഗോള പ്രൈവറ്റ് ഇക്വിറ്റി സ്ഥാപനമായ ആഡ്വെന്റ് ഇന്റർനാഷണൽ യു.എസ് ഇലക്ട്രോണിക് ഗൃഹോപകരണ നിർമാതാക്കളായ വേൾപൂളിന്റെ ഇന്ത്യൻ യൂണിറ്റ് ഏറ്റെടുക്കാനുള്ള ചർച്ചകൾ പരാജയം.

ഒരു ബില്യൺ ഡോളറിന് ഏറ്റെടുക്കാനുള്ള ചർച്ചകൾ മൂല്യനിർണയത്തെച്ചൊല്ലിയുള്ള തർക്കങ്ങളെ തുടർന്നാണ് പരാജയപ്പെട്ടതെന്ന് വാർത്താ ഏജൻസിയായ റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്തു.




മിഷിഗൺ ആസ്ഥാനമായ മാതൃസ്ഥാപനം വേൾപൂൾ കോർപറേഷനിൽനിന്ന് വേൾപൂൾ ഓഫ് ഇന്ത്യയുടെ 31 ശതമാനം ഓഹരികൾ വാങ്ങുന്നതിൽ ആഡ്വെന്റ് മുൻപന്തിയിൽ എത്തിയിരുന്നു. ഇത് ഭൂരിപക്ഷ ഓഹരികൾ സ്വന്തമാക്കുന്നതിന് നിർബന്ധിത ഓപ്പൺ ഓഫറിന് കാരണമാകുമായിരുന്നു എന്നും വിഷയവുമായി ബന്ധപ്പെട്ടവർ പറഞ്ഞു.

## ഇന്ത്യ 7.4% വളർച്ച നേടുമെന്ന് ഫിച്ച് റേറ്റിങ്സ്

**മുംബൈ:** നടപ്പു സാമ്പത്തിക വർഷം ഇന്ത്യ 7.4% വളർച്ച നേടുമെന്ന് ഫിച്ച് റേറ്റിങ്സ്. നേരത്തെ 6.9 ശതമാനം വളരുമെന്നായിരുന്നു അനുമാനം. ജി.എസ്.ടി ഇളവു മൂലം ആഭ്യന്തര ഉപഭോഗത്തിലുണ്ടായ ഉണർവാണ് വളർച്ച നിരക്കു കൂടാൻ പ്രധാനമായും സഹായകരമാകുകയെന്നും ഫിച്ച് അനുമാനിക്കുന്നു.

അടുത്ത സാമ്പത്തിക വർഷം 6.4 ശതമാനമായിരിക്കും ഇന്ത്യയുടെ ജിഡിപി വളർച്ച നിരക്കെന്നാണ് ഫിച്ചിന്റെ അനുമാനം. ശരാശരി വിലക്കയറ്റത്തോത് 1.5 ശതമാനമായിരിക്കുമെന്നും വിലയിരുത്തലുണ്ട്. 8.2% എന്ന രണ്ടാംപാദത്തിലെ ഉയർന്ന ജി.ഡി.പി വളർച്ച നിരക്കു പുറത്തുവന്നതിനു പിന്നാലെയാണ് ഫിച്ചിന്റെ അനുമാനം.

# കുന്നത്തുനാട്ടിൽ കണ്ണൂർ മോഡൽ നടക്കില്ല : ട്വന്റി 20 പാർട്ടി

**കിഴക്കമ്പലം :** കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ മുഴുവൻ ബൂത്തുകളിലും വീഡിയോ ക്യാമറ നിരീക്ഷണവും പോലീസ് സംരക്ഷണവും ആവശ്യപ്പെട്ട് ട്വന്റി20 പാർട്ടി സ്ഥാനാർത്ഥികൾ ഹൈക്കോടതിയിൽ നിന്നും ഉത്തരവ് സമ്പാദിച്ചു. ഹൈക്കോടതി ഉത്തരവ് നടപ്പാക്കുന്നതിന് സംസ്ഥാന മുഖ്യ വരണാധികാരിക്കും, ജില്ലാ വരണാധികാരി കൂടിയായ ജില്ലാ കലക്ടർക്കും സ്ഥാനാർത്ഥികൾ ആവശ്യം ഉന്നയിച്ച് കത്ത് നൽകി. കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ 139 ബൂത്തുകളിലും ഇക്കുറി വീഡിയോ ക്യാമറ നിരീക്ഷണവും പോലീസ് സംരക്ഷണവും ഉണ്ടാകും. മുൻ വർഷങ്ങളിൽ ടിന്റി20 സ്ഥാനാർത്ഥികളും പ്രവർത്തകരും സി.പി.എം ഗുണ്ടകളുടെ ആക്രമത്തിന് ഇരയായിട്ടുണ്ട്. കണ്ണൂർ മോഡൽ ജനാധിപത്യം ഇക്കുറി കുന്നത്തുനാട്ടിൽ ആവർത്തിക്കാതിരിക്കാൻ ടിന്റി20 പാർട്ടി സ്ഥാനാർത്ഥികൾ പത്ത് ഹർജികളാണ് ഹൈക്കോടതിയിൽ നൽകിയതും സംശുദ്ധമായ തിരഞ്ഞെടുപ്പിന് കളമൊരുക്കിയതും.

ഏത് വിധേനയും ടിന്റി20യെ അട്ടിമറിക്കുന്നതിന് എസ്.ഡി.പി.ഐ, പി.ഡി.പി, വെൽഫെയർ പാർട്ടി ഉൾപ്പെടെ 25 പാർട്ടികളുടെ വിചിത്ര മുന്നണി രൂപീകരിച്ചാണ് ഇടത്, വലത് സഖ്യം കിഴക്കമ്പലത്ത് ജനവിധി തേടുന്നത്. ഇടത് വലത് മുന്നണികളുടെ പേരിൽ ജനവിധി തേടുന്ന സ്ഥാനാർത്ഥികൾക്ക് തങ്ങൾ ഏത് പാർട്ടിക്കുവേണ്ടിയാണ് മത്സരിക്കുന്നതെന്ന് അറിയില്ലെന്ന പരിതാപകരമായ അവസ്ഥയുമാണുള്ളത്.

അഴിമതി രഹിത ഭരണം നടത്തി മുന്നേറുന്ന ടിന്റി20യെ ബാലറ്റിലൂടെ പരാജയപ്പെടുത്താൻ കഴിയാതെ വരുമ്പോൾ കണ്ണൂർ മോഡൽ ആവർത്തിക്കാൻ സാധ്യതയുണ്ട്. ഇതിനെ തടയാനാണ് ഹൈക്കോടതിയെ സമീപിച്ചതും 139 ബൂത്തിലും വീഡിയോ റെക്കോർഡിങ്ങിനും, പോലീസ് സംരക്ഷണത്തിനും ഉത്തരവ് സമ്പാദിച്ചതെന്ന് ടിന്റി20 പാർട്ടി പ്രസിഡന്റ് സാബു ജേക്കബ് പറഞ്ഞു. അവസര വാദികാളായ പാർട്ടി നേതാക്കളുടെ വാക്കും വിശ്വസിച്ച് കള്ള വോട്ട് ചെയ്യാനോ, ബൂത്ത് പിടിക്കാനോ സുഗമമായ തിരഞ്ഞെടുപ്പ് പ്രക്രിയയ്ക്ക് തുരങ്കം വയ്ക്കാനോ ശ്രമിക്കുന്നവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുമെന്നും സാബു ജേക്കബ് പറഞ്ഞു.

## കിഴക്കമ്പലത്ത് കുറുവ മുന്നണി രൂപീകിരിച്ചവർ കൊച്ചി കോർപ്പറേഷനിൽ തമ്മിലടിക്കുന്നു : ട്വന്റി20 പാർട്ടി

**കൊച്ചി :**ടിന്റി20ക്കെതിരെ കിഴക്കമ്പലത്ത് കുറുവ മുന്നണി രൂപീകരിച്ചവർ കൊച്ചി കോർപ്പറേഷനിൽ നേർക്ക് നേർ പോരുവിളിക്കുന്നു. സി.പി.എം തങ്ങളുടെ സ്ഥാനാർത്ഥികളെ വ്യക്തിഹത്യ നടത്തുന്നുവെന്നും പാർട്ടിയുടെ മുതിർന്ന നേതാവായ എസ്.ശർമ്മയുടെ ഭാര്യ പോലും പാർട്ടി ചിഹ്നം വിട്ട് കപ്പും സോസറും ചിഹ്നത്തിലാണ് ജനവിധി തേടുന്നുവെന്നുമാണ് കഴിഞ്ഞ ദിവസം കോൺഗ്രസ് പാർട്ടിയുടെ എറണാകുളം ജില്ലാ പ്രസിഡന്റ് ആരോപണം ഉന്നയിച്ചത്. കിഴക്കമ്പലം പഞ്ചായത്തിൽ ടിന്റി20യെ പരാജയപ്പെടുത്താൻ 25 പാർട്ടികളുടെ കുറുവ മുന്നണി രൂപീകരിച്ച ഈ നേതാക്കളാണ് കൊച്ചി കോർപ്പറേഷനിൽ പരസ്പരം വിഴുപ്പലക്കുന്നത്.

കൊച്ചി കോർപ്പറേഷനിൽ ബി.ജെ.പിയുമായി സഹകരിച്ച് ഭരണം നടത്തുന്ന ഇടത് മുന്നണി കഴിഞ്ഞ വർഷം 155 കോടി രൂപ ലാപ്സാക്കിയെന്ന രേഖ പുറത്തുവന്നു. ഇപ്രകാരം കോർപ്പറേഷനിൽ കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് ഏറ്റവും ചുരുങ്ങിയത് 700 കോടി രൂപയെങ്കിലും ലാപ്സാക്കിയിട്ടുണ്ടാകും. പരസ്പര സഹായ സംഘം രൂപീകരിച്ച് ടിന്റി20യെ പരാജയപ്പെടുത്താൻ പരിശ്രമിക്കുന്ന ഇൻഡിമുന്നണി നേതാക്കൾ കൊച്ചി കോർപ്പറേഷനിൽ പരസ്പരം കുറ്റപ്പെടുത്തലുകൾ നടത്തുന്നത് വോട്ടർമാരുടെ കണ്ണിൽ പൊടിയിടാനാണ്. ജനങ്ങളെ കൊള്ളയടിക്കാൻ ഒന്നിക്കുന്ന ഇവരുടെ അവിശുദ്ധ കൂട്ടുകെട്ടിനെതിരെയാണ് ടിന്റി20 പാർട്ടി മത്സര രംഗത്തുള്ളത്. ടിന്റി20 പാർട്ടിയുടെ സ്ഥാനാർത്ഥികളെ ഭീഷണിപ്പെടുത്താനും, പ്രലോഭിപ്പിക്കാനും ഇടത്, വലത് മുന്നണികളുടെ നേതാക്കൾ ഒരുപോലെ രംഗത്തുണ്ട്. ദേശീയ തലത്തിൽ മുന്നണി രൂപീകരിച്ച് തോളോട് തോൾ ചേർന്ന് പ്രവർത്തിക്കുകയും നാട്ടിൽ വന്നാൽ ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ പരസ്പരം ചെളിവാരിയെറിയുന്ന ജനവഞ്ചകരെ തിരിച്ചറിയണമെന്ന് ടിന്റി20 പാർട്ടി പ്രസിഡന്റ് സാബു എം ജേക്കബ് ആഹ്വാനം ചെയ്തു

## ബീ-കീപ്പിംഗ് കോഴ്സ്: 20 വരെ അപേക്ഷിക്കാം

**തിരുവനന്തപുരം:** കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് നടത്തുന്ന 6 മാസം ദൈർഘ്യമുള്ള ബീ-കീപ്പിംഗ് ട്രെയിനിംഗ് കോഴ്സിലേക്ക് ഡിസംബർ 20 വരെ അപേക്ഷിക്കാം. എസ്.എസ്.എൽ.സി/തത്തുല്യ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ള 18 നും 30 നും ഇടയിൽ പ്രായമുള്ളവർക്ക് (20/11/2025 പ്രകാരം) ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. ഫീസ് 30,000 രൂപ. ഇതിനു പുറമേ ഫീൽഡ് ട്രെയിനിംഗിനു ചെലവാകുന്ന അധിക തുക അപേക്ഷകർ വഹിക്കണം. അപേക്ഷാ ഫീസായി 50 രൂപ ഓൺലൈനായി അടയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക്: 9747321760, khadi.kerala.gov.in..

### ഹൃദ്രോഗ ചികിൽസയിൽ ചരിത്രനേട്ടവുമായി മെഡിക്കൽ ട്രസ്റ്റ് ആശുപത്രി ;

# ഇംപെല്ലാ സി.പി സ്മാർട്ട് അസിസ്റ്റ് വഴി 83 വയസുകാരന് പുതു ജീവൻ

**കൊച്ചി:** ഹൃദ്രോഗചികിൽസാ രംഗത്ത് ചരിത്രപരമായ മുന്നേറ്റം നടത്തി എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രി. കടുത്ത ഹൃദ്രോഗിയായ 83 വയസുകാരനെ ആധുനിക ചികിൽസാ സംവിധാനമായ ഇംപെല്ലാ സി.പി സ്മാർട്ട് അസിസ്റ്റ് സംവിധാനത്തിന്റെ സഹായത്തോടെ ജീവിതത്തിലേക്ക് തിരികെയെത്തിച്ചു. മെഡിക്കൽ ട്രസ്റ്റ് സൗത്ത് ബ്ലോക്കിലെ കാത്ത്ലാബിൽ സീനിയർ കൺസൾട്ടന്റ് ഇന്റർവെൻഷണൽ കാർഡിയോളജിസ്റ്റ് ആയ ഡോ. രാജ ശേഖർ വർമ്മയുടെ നേതൃത്വത്തിലാണ് ആഗോളതലത്തിൽ ലഭ്യമായ ഏറ്റവും പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ച് കേരളത്തിലെ ഹൃദ്രോഗചികിൽസാ രംഗത്ത് പുതിയ ചരിത്രം കുറിച്ചത്. ഇംപെല്ലാ സി.പി സ്മാർട്ട് അസിസ്റ്റ് ഉപയോഗിച്ച് നടത്തിയ കേരളത്തിലെ മൂന്നാമത്തെയും മധ്യകേരളത്തിൽ ആദ്യത്തേതുമാണ് മെഡിക്കൽ ട്രസ്റ്റിൽ നടത്തിയ ചികിൽസ.




ഹൃദ്രോഗത്തെ തുടർന്ന് 1989ൽ കൊറോണറി ആർട്ടറി ബൈപാസ് ഗ്രാഫ്റ്റിംഗ് (സിഎബിജി) ശസ്ത്രക്രിയയ്ക്ക് വിധേയനായ വ്യക്തിയായിരുന്നു പാലക്കാട് സ്വദേശിയായ 83 കാരനായ രോഗി. എന്നാൽ പിന്നീട് ബൈപാസ് ഗ്രാഫ്റ്റുകൾ അടഞ്ഞുപോയതോടെ നിരന്തരമായ നെഞ്ചുവേദന ഇദ്ദേഹത്തെ വിടാതെ പിന്തുടർന്നു. പ്രായാധിക്യത്തെ തുടർന്നുള്ള നിരവധിയായ ശാരീരിക പ്രശ്നങ്ങൾ, ഹൃദയത്തിലെ ഗുരുതരമായ ഒന്നിലധികം ബ്ലോക്കുകൾ, ഹൃദയത്തിന്റെ ദുർബലമായ പമ്പിംഗ് ശേഷി, ദുർബലമായിക്കൊണ്ടിരിക്കുന്ന കിഡ്നി, കരൾ പ്രവർത്തനം ഉൾപ്പെടെയുള്ള ബുദ്ധിമുട്ടുകൾ നേരിട്ടികൊണ്ടിരിക്കുന്ന രോഗിയിൽ വീണ്ടുമൊരു ഹൃദ്രോഗ ശസ്ത്രക്രിയ എന്നത് കടുത്ത വെല്ലുവിളി നിറഞ്ഞതായിക്കുമെന്ന് ഡോ. രാജ ശേഖർ വർമ്മ, ഡോ. പി.വി ലൂയിസ്, ഡോ. എസ്. ശാലിനി (അനസ്തേഷ്യ), ഡോ. അരുൺകുമാർ ഗോപാലകൃഷ്ണ പിള്ള എന്നിവരുടെ നേതൃത്വത്തിലുള്ള വിദഗ്ദ മെഡിക്കൽ സംഘം വിലയിരുത്തി. തുടർന്നാണ് അതിനൂതന സാങ്കേതികവിദ്യയായ ഇംപെല്ലാ സി.പി സ്മാർട്ട് അസിസ്റ്റിന്റെ സഹായത്താൽ ആൻജിയോപ്ലാസ്റ്റി ചെയ്യാൻ തീരുമാനിച്ചത്.

സങ്കീർണ്ണമായ ആൻജിയോപ്ലാസ്റ്റിയിലുടനീളം ഇംപെല്ല സി.പി. സ്മാർട്ട് ഉപയോഗിച്ച് യാന്ത്രിക രക്തചംക്രമണം നടത്തിക്കൊണ്ട് ഹൃദയത്തിലെ അപകടകരമായ ബ്ലോക്കുകൾ സുരക്ഷിതമായി നീക്കം ചെയ്യാനും അതുവഴി സങ്കീർണതകൾ കുറച്ച് രോഗിയുടെ ഹൃദയത്തിന്റെ പ്രവർത്തനം സാധാരണ നിലയിലാക്കാനും സാധിച്ചു. ഗുരുതരമായി കാൽസ്യം അടിഞ്ഞ് കൂടി ബ്ലോക്കായ രക്തക്കുഴലുകളിലൂടെയുള്ള സുഗമമായ രക്തപ്രവാഹത്തിന് ഹൈ ഡെഫനിഷൻ ഇൻട്രാവാസ്കുലർ അൾട്രാസൗണ്ട് (എച്ച്ഡി ഐവയുഎസ്), റോട്ടാബ്ലേഷൻ പോലുള്ള നൂതന സാങ്കേതിക വിദ്യകളും ചികിൽസയിൽ ഉൾപ്പെടുത്തി. വലത് കൊറോണറി ധമനിയിൽ ഗുരുതരമായ വിധത്തിൽ അടിഞ്ഞു കൂടിയ കൊഴുപ്പ് നീക്കം ചെയ്യുന്നതിനായി റെട്രോഗ്രേഡ് ആൻജിയോപ്ലാസ്റ്റിയും നടത്തി.ഈ നേട്ടം രോഗിക്ക് ഒരു പുതിയ ജീവിതം നൽകുക മാത്രമല്ല, കേരളത്തിലെ ഹൃദയ ചികിൽസാ രംഗത്തിന് പുതിയ ദിശാബോധം കൂടിയാണ് നൽകിയിരിക്കുന്നതെന്ന് ചികിൽസയ്ക്ക് നേതൃത്വം നൽകിയ ഡോ. രാജ ശേഖർ വർമ്മ പറഞ്ഞു.

രോഗികളുടെ പ്രായമോ സങ്കീർണതകളോ പരിഗണിക്കാതെ തന്നെ ഇംപെല്ലാ സി.പി സ്മാർട്ട് അസിസ്റ്റ് വഴി ചികിൽസ ഫലപ്രദമാക്കാനും അതുവഴി ജീവിതം തിരികെ പിടിക്കാനും സാധിക്കുമെന്നും ഡോ. രാജ ശേഖർ വർമ്മ പറഞ്ഞു. മരണത്തെ മുഖാമുഖം കണ്ട 83 വയസുള്ള രോഗിയെ അപൂർവ്വമായ ചികിൽസാ സംവിധാനത്തിലൂടെ ജീവിതത്തിലേക്ക് മടക്കികൊണ്ടു വന്ന മെഡിക്കൽ സംഘത്തെ അഭിനന്ദിക്കുന്നതായി മെഡിക്കൽ ട്രസ്റ്റ് ആശുപത്രി മാനേജിംഗ് ഡയറക്ടർ ഡോ. പി.വി ലൂയിസ് പറഞ്ഞു. നൂതന ചികിൽസാ സംവിധാനത്തിലൂടെ ഹൃദ്രോഗത്തിന് എന്നും മികച്ച ചികിൽസ നൽകിക്കൊണ്ടിരിക്കുന്ന മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയുടെ കിരീടത്തിലെ മറ്റൊരു പൊൻതൂവലാണിതെന്നും ഡോ. പി.വി ലൂയിസ് പറഞ്ഞു.

# ആവേശം വിതറി റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ സാന്റാ റൺ




**കൊച്ചി:** റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ നൈറ്റ്സ് ട്രസ്റ്റ് അവതരിപ്പിച്ച ആറാമത് സാന്റാ റൺ ഗ്രാന്റ് ഹയാത്ത് ബോൾഗാട്ടിയിൽ നടന്നു. ഓട്ടിസ്റ്റിക്ക് കുട്ടികളുടെ ഉന്നമനത്തിനുള്ള സൗകര്യങ്ങൾക്കായാണ് സാന്റാ റൺ സംഘടിപ്പിക്കുന്നത്. സാന്റാറൺ സമാപന ചടങ്ങിൽ ചലച്ചിത്ര താരം കുഞ്ചാക്കോ ബോബൻ, താരസംഘടനയായ അമ്മ പ്രസിഡന്റ് ശ്വേതാമേനോൻ, സംഗീത സംവിധായകൻ ജേക്സ് ബിജോയ് എന്നിവർ മുഖ്യാതിഥികളായിരുന്നു.

ഓട്ടിസം ബാധിച്ച കുട്ടികളെ പിന്തുണക്കുന്നതിനോടൊപ്പം അവരുടെ മാതാപിതാക്കളും ആദരിക്കപ്പെടണമെന്ന് ശ്വേതാ മേനോൻ പറഞ്ഞു. ഇന്ത്യയിലെ ആദ്യത്തെ ഓട്ടിസം റെസ്റ്റോറന്റ് കൊച്ചിയിലാണെന്നതും എടുത്തു പറയണമെന്നും ശ്വേതാ മേനോൻ പറഞ്ഞു. എല്ലാവർക്കും പുലർച്ചെ അഞ്ചു മണിക്ക് എഴുന്നേറ്റ് ഓടാൻ പറ്റില്ലെങ്കിലും ആ മനസ്സ് സൂക്ഷിക്കുന്നുണ്ടെന്നും ശ്വേത പറഞ്ഞു. മറ്റുള്ളവരുടെ ജീവിതത്തിലേക്ക് സന്തോഷം കൊണ്ടുവരുമ്പോൾ നമ്മുടെ ജീവിതത്തിലെ സന്തോഷം ഇരട്ടിക്കുമെന്ന് കുഞ്ചാക്കോ ബോബൻ പറഞ്ഞു. തിരക്കിട്ട സിനിമാ ജീവിതത്തിനിടയിൽ ആഴ്ചയിലെങ്കിലും അഞ്ചു കിലോമീറ്റർ ദൂരം ഓടാറുണ്ടെന്ന് ജേക്സ് ബിജോയ് പറഞ്ഞു. സാന്റാ റൺ അഞ്ചുകിലോമീറ്റർ മാരത്തണിൽ ജേക്സ് ബിജോയ് പങ്കെടുത്തിരുന്നു. റോട്ടറി ഡിസ്ട്രിക്ട് ഗവർണർ ഡോ. ജി. എൻ രമേഷ് അധ്യക്ഷത വഹിച്ചു.

റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ നെറ്റ്സ് പ്രസിഡന്റ് വിജു എബ്രഹാം, റേസ് ഡയറക്ടർ സാബു ജോണി, തേജസ്, രമേഷ് കൊങ്കാട്ടിൽ, സുദിൻ വിളങ്ങാടൻ, അലക്സ് വിറ്റി, ബിജു, സോന തുടങ്ങിയവർ പ്രസംഗിച്ചു. നാലായിരത്തിലധികം പേരാണ് മാരത്തണിൽ പങ്കെടുത്തത്. വിജയികൾക്ക് കുഞ്ചാക്കോ ബോബനും ശ്വേതാ മേനോനും ജേക്സ് ബിജോയിയുംസമ്മാനങ്ങൾ വിതരണം ചെയ്തു. ഓട്ടിസ്റ്റിക് കുട്ടികളുമായി ചേർന്ന് മുഖ്യാതിഥികൾ കേക്ക് മുറിച്ചു.

# നീണ്ട കാത്തിരിപ്പിന് ശേഷം കുഞ്ഞ് പിറന്നു

# അഭിമാനമായി എസ്.എ.ടി.യിലെ റീപ്രൊഡക്ടീവ് മെഡിസിൻ വിഭാഗം

**തിരുവനന്തപുരം:** 14 വർഷത്തെ നീണ്ട കാത്തിരിപ്പിന് ശേഷം തിരുവനന്തപുരം നെയ്യാറ്റിൻകര സ്വദേശിയായ 36 വയസുകാരിയ്ക്ക് കുഞ്ഞ് ജനിച്ചു. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജിനെ കത്തിലൂടെ സന്തോഷം അറിയിച്ച് ഭർത്താവ് ഡോ. സുമൻ. മന്ത്രി വീണാ ജോർജ് കുടുംബത്തിന് ആശംസകൾ നേർന്നു. മികച്ച ചികിത്സ നൽകിയ എസ്.എ.ടി. ആശുപത്രിയിലെ ടീമിനെ അഭിനന്ദിക്കുകയും ചെയ്തു.

ഇരുവരും വിവാഹിതരായിട്ട് 14 വർഷങ്ങൾ കഴിഞ്ഞു. തിരുവനന്തപുരം മെഡിക്കൽ കോളേജ് എസ്.എ.ടി. ആശുപത്രിയിൽ കഴിഞ്ഞ 6 വർഷമായി ചികിത്സയിലായിരുന്നു. മറ്റ് സ്വകാര്യ ആശുപത്രികളിലെ ചികിത്സ കഴിഞ്ഞിട്ടാണ് എ.സ്.എ.ടിയിൽ ചികിത്സ തുടങ്ങിയത്. ഈ വർഷം തുടക്കത്തിൽ നടത്തിയ ഐ.വി.എഫ് എബ്രിയോ ട്രാൻസ്ഫർ ചികിത്സയിൽ ഗർഭധാരണം നടക്കുകയും 26.09.2025ന് യുവതി ഒരു പെൺകുഞ്ഞിന് ജന്മം നൽകുകയും ചെയ്തു.

നീണ്ട 14 വർഷത്തെ കാത്തിരിപ്പിന് ശേഷം തങ്ങളുടെ വീട് സന്തോഷനിർഭരമായി എന്നാണ് ഡോ. സുമൻ പറയുന്നത്. അതിന് വഴിവച്ച അങ്ങയുടെ വകുപ്പിലെ എസ്.എ.ടി. ആശുപത്രിയിലെ റീപ്രൊഡക്ടീവ് മെഡിസിൻ വിഭാഗത്തിനോടുള്ള നിസ്സീമമായ നന്ദി അറിയിച്ചു കൊള്ളുന്നു. അവിടെ ചികിത്സയ്ക്കായി വരുന്നവരിൽ ഭൂരിഭാഗവും സാധാരണക്കാരായ ദമ്പതികളാണ്. എത്ര തിരക്കുണ്ടെങ്കിലും അത്യന്തം വിനയത്തോടെയും, പ്രസന്നതയോടെയുമാണ് ചികിത്സയ്ക്കെത്തുന്ന ഓരോ വ്യക്തികളുമായും ഇടപെടുന്നത്.

ചികിത്സാ ചെലവ് കുറവാണെന്നതിനെക്കാൾ, ചികിത്സയുടെ എല്ലാ ഘട്ടത്തിലും ഡോക്ടർമാർ ചികിത്സയുടെ സാങ്കേതിക വശങ്ങളെ കുറിച്ചും രോഗിയുടെ പ്രത്യുത്പാദന ആരോഗ്യത്തെകുറിച്ചും വിശദമായി പറഞ്ഞു മനസ്സിലാക്കി കൊടുക്കുന്നത്, മറ്റ് ഒരു ചികിത്സാലയത്തിലും ഇല്ല എന്ന കാര്യം അറിയിച്ചു കൊള്ളട്ടെ. ഇത് ചികിത്സയ്ക്ക് അത്യന്തം സുതാര്യത നൽകുന്നതാണ്. ഉന്നത നിലവാരത്തിൽ, വളരെ നിശബ്ദമായി പ്രവർത്തിക്കുന്ന റീപ്രൊഡക്ടീവ് മെഡിസിൻ വകുപ്പ് തീർച്ചയായും അങ്ങയുടെ കീഴിൽ വികസനത്തിന്റെ ഉന്നത തലത്തിലേക്ക് കുതിക്കുന്ന ആരോഗ്യവകുപ്പിന്റെ കിരീടത്തിലെ പൊൻതൂവലാണ് എന്ന കാര്യം അഭിമാനത്തോടെ ബോധിപ്പിച്ചുകൊള്ളട്ടെ.

ചികിത്സിച്ച ഡോക്ടർമാർ ഡോ. അനിത എം. (വകുപ്പ് മേധാവി), ഡോ. റെജി മോഹൻ തുടങ്ങിയ ടീം അംഗങ്ങൾക്കും നന്ദി അറിയിക്കുകയും ചെയ്യുന്നു.

പല കാരണങ്ങളാൽ കുഞ്ഞുങ്ങളില്ലാത്ത ദമ്പതിമാർക്ക് ആശ്രയ കേന്ദ്രമായി മാറുന്നതിന്റെ മികച്ച ഉദാഹരണമാണ് എസ്.എ.ടി. ആശുപത്രിയിലെ റീപ്രൊഡക്ടീവ് മെഡിസിൻ വിഭാഗം. കുട്ടികളുണ്ടാകില്ലെന്ന് കരുതി പ്രയാസപ്പെട്ടിരുന്നവർക്ക് അത്യാധുനിക ഐവിഎഫ് ചികിത്സയിലൂടെ 500ലധികം കുഞ്ഞുങ്ങളെയാണ് സമ്മാനിച്ചത്. ഇതുകൂടാതെ മറ്റ് ചികിത്സകൾ വഴി അനേകം കുഞ്ഞുങ്ങളേയും സമ്മാനിച്ചിട്ടുണ്ട്. കേരളത്തിനകത്തും പുറത്ത് നിന്നും എല്ലാ പ്രതീക്ഷകളും നഷ്ടപ്പെട്ട് എത്തിയ ദമ്പതിമാരുമുണ്ട് അക്കൂട്ടത്തിൽ. ഹോർമോൺ ചികിത്സ, സർജറി, അസിസ്റ്റഡ് റീപ്രൊഡക്ടീവ് ടെക്നോളജി ഉപയോഗിച്ചുള്ള ഐ.വി.എഫ് (ഇൻവിട്രോ ഫെർട്ടിലൈസേഷൻ), ഇൻട്രാസൈറ്റോപ്ലാസ്മിക് സ്പേം ഇൻജക്ഷൻ (ഐ.സി.എസ്.ഐ) തുടങ്ങി വൻകിട കോർപറേറ്റ് ആശുപത്രികളെ പോലും വെല്ലുന്ന സംവിധാനങ്ങളാണ് എസ്.എ.ടി. ആശുപത്രിയിൽ സജ്ജമാക്കിയിരിക്കുന്നത്. ആഗോളതലത്തിലേത് പോലെ 40 മുതൽ 50 ശതമാനം വരെ വിജയ ശതമാനം ഉയർത്താൻ എസ്.എ.ടി. ആശുപത്രിയ്ക്കായിട്ടുണ്ട്.

കാൻസർ രോഗികൾക്ക് കീമോതെറാപ്പിക്കോ റേഡിയേഷനോ മുമ്പ് അണ്ഡം, ബീജം, ഭ്രൂണം എന്നിവ സൂക്ഷിച്ച് വയ്ക്കാൻ കഴിയുന്ന ശീതീകരണ സംവിധാനവും സജ്ജമാക്കിയിട്ടുണ്ട്. ഇത് കൂടാതെ കാൻസറോ മറ്റ് രോഗങ്ങളോ ബാധിച്ചവർക്ക് അണ്ഡം സൂക്ഷിച്ച് വയ്ക്കാനുള്ള ഫെർട്ടിലിറ്റി പ്രിസർവേഷൻ പ്രോഗാമും ആരംഭിച്ചിട്ടുണ്ട്.

തിങ്കൾ മുതൽ ശനി വരെയാണ് ഒപി സേവനമുള്ളത്. ദമ്പതികൾ ഒരുമിച്ചാണ് ചികിത്സയ്ക്കായി എത്തേണ്ടത്. കൗൺസിലിംഗ് ഉൾപ്പെടെ എല്ലാ മാനദണ്ഡങ്ങളും പാലിച്ചാണ് ഇവിടത്തെ ചികിത്സ.



റാക്കാട് സെന്റ് മേരീസ് ജേക്കബൈറ്റ് സിറിയൻ കത്തീഡ്രൽ നേർച്ച പള്ളിയിൽ 339 രോഗികൾക്ക് നൽകുന്ന ചികിത്സാ സഹായത്തിന്റെ ഉദ്ഘാടനം ക്നാനായ ഭദ്രാസന മെത്രാപ്പോലീത്ത കുര്യാക്കോസ് മോർ ഗ്രിഗോറിയസ് നിർവഹിക്കുന്നു.

# റാക്കാട് സെന്റ് മേരീസ് ജേക്കബൈറ്റ് സിറിയൻ കത്തീഡ്രൽപ്പള്ളി ചികിത്സ സഹായ വിതരണം നടത്തി

**മുവാറ്റുപുഴ:** റാക്കാട് സെന്റ് മേരിസ് ജേക്കബൈറ്റ് സിറിയൻ കത്തീഡ്രൽ നേർച്ചപ്പള്ളിയിൽ 339ാം ശിലാസ്ഥാപന പെരുന്നാളും പിതാക്കന്മാരുടെ തിരുശേഷിപ്പ് പുനസ്ഥാപനവും ചികിത്സ സഹായ വിതരണ ഉദ്ഘാടനവും ചെയ്തു. പെരുമ്പാവൂർ മേഖല മെത്രാപ്പോലീത്ത മാത്യൂസ് മോർ അഫ്രേം തിരുമേനിയുടെ മുഖ്യ കാർമികത്വത്തിൽ പുതിയതായി നിർമ്മിച്ച കബർ മുറിയുടെ കൂദാശയും, മഞ്ഞനിക്കരയിൽ കബറടങ്ങിയിരിക്കുന്ന ഇഗ്നാത്യോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കിസ് ബാവയുടെയും കോതമംഗലത്ത് കബറടങ്ങിയിരിക്കുന്ന പരി. എൽദോ മോർ ബസ്സേലിയോസ് ബാവയുടെയും റാക്കാട് പള്ളി സ്ഥാപക പിതാവായ ഹിദായത്തുള്ള മോർ ഈവാനിയോസ് ബാവയുടെയും തിരുശേഷിപ്പ് പുനസ്ഥാപനവും നടത്തി. കോതമംഗലം മേഖല മെത്രാപ്പോലീത്ത അഭി. ഏലിയാസ് മോർ യൂലിയോസ്, ക്നാനായ ഭദ്രാസന മെത്രാപ്പോലീത്ത. അഭി.കുര്യാക്കോസ് മോർ ഗ്രീഗോറിയോസ് എന്നീ മെത്രാപ്പോലീത്തമാർ കാർമികത്വം വഹിച്ചു. ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി 339 രോഗികൾക്കുള്ള ചികിത്സ സഹായ വിതരണത്തിന്റെ ഉദ്ഘാടനവും നടത്തി. വികാരി ഫാ. എൽദോസ് മോളെക്കുടിയിൽ, സഹവികാരി ഫാ. ബേസിൽ പതിയാരത്ത് പറമ്പിൽ ട്രസ്റ്റിമാരായ ഐസൻ സി വർഗീസ്, സുജിത് പൗലോസ് എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

# വിദ്യാഭ്യാസ സാങ്കേതികവിദ്യാ രംഗത്തെ മികവിന് കൈറ്റിന് ദേശീയ പുരസ്കാരം

**തിരുവനന്തപുരം:** ഒഡീഷയിലെ ഭുവനേശ്വറിൽ നടന്ന 19ാമത് ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ കോൺക്ലേവിൽ കേരളത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സാങ്കേതിക വിഭാഗമായ കേരള ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷന് (കൈറ്റ്) എഡ്യൂക്കേഷൻ ടെക്നോളജി ട്രാൻസ്ഫോർമേഷൻ അവാർഡ് ലഭിച്ചു. കേരളത്തിലെ സ്കൂളുകൾക്കായി കൈറ്റ് സജ്ജമാക്കിയ നിർമിതബുദ്ധി അധിഷ്ഠിത സമഗ്ര പ്ലസ് എ.ഐ' ലേണിംഗ് പ്ലാറ്റ്ഫോമിനാണ് ഈ ദേശീയ അംഗീകാരം. ഡിസംബർ 5ന് ഭുവനേശ്വറിൽ നടന്ന ചടങ്ങിലാണ് പുരസ്കാര വിവരം സംഘാടകർ കൈറ്റ് സി.ഇ.ഒ കെ. അൻവർ സാദത്തിനെ അറിയിച്ചു.

കുട്ടികൾക്ക് ഓരോരുത്തർക്കും അവരുടെ പഠനനിലവാരത്തിനനുസരിച്ച് പഠനം ക്രമീകരിക്കുന്നതിന് സഹായിക്കുന്ന എ.ഐ പ്ലാറ്റ്ഫോമാണ് സമഗ്ര പ്ലസ്. ഇതിനായി ചാറ്റ് ബോട്ട് സംവിധാനം, ക്വിസ്, ഇംഗ്ലീഷ് ഭാഷയുമായി ബന്ധപ്പെട്ട വിവിധ കളികൾ, സ്പീച്ച് അസിസ്റ്റന്റ്, വിലയിരുത്തൽ സംവിധാനങ്ങൾ തുടങ്ങിയ മൊഡ്യൂളുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. നിർമിതബുദ്ധിയുടെ അൽഗോരിതം പക്ഷപാത ആശങ്കകൾ ഇല്ലാതെ പൂർണമായും കരിക്കുലം ചട്ടക്കൂടിനകത്തു നിന്നുകൊണ്ടാണ് കൈറ്റ് സമഗ്ര പ്ലസ് എ ഐ പ്ലാറ്റ്ഫോം വികസിപ്പിച്ചിട്ടുള്ളത്.

# വിദ്യാഭ്യാസവളർച്ചയിൽ ക്രൈസ്തവ സ്ഥാപനങ്ങളുടെ പങ്ക് മഹത്തരം: മാർ ജോർജ് ആലഞ്ചേരി

**ചങ്ങനാശേരി:** ഭാരതത്തിലെ വിദ്യാഭ്യാസ വളർച്ചയിൽ ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നൽകിയ സംഭാവനകൾ വലുതാണെന്നും വിദേശനാടുകളിലേക്കു കുടിയേറുന്ന യുവസമൂഹം ഭാരതത്തിന്റെ മഹത്തായ പാരമ്പര്യവും സംസ്കാരവും മുറുകെപ്പിടിക്കണമെന്നും കർദിനാൾ മാർ ജോർജ് ആലഞ്ചേരി. മോർക്കുളങ്ങര എ.കെ.എം സ്കൂളിന്റെ ഒരു വർഷം നീണ്ടുനിന്ന സുവർണ ജൂബിലി ആഘോഷങ്ങളുടെ സമാപനം ഉദ്ഘാടനം ചെയ്യുകയായിരുന്നു കർദിനാൾ.

ആരാധന സന്യാസിനീ സമൂഹം മദർ പ്രൊവിൻഷ്യാൾ സിസ്റ്റർ ലില്ലി റോസ് കരോട്ട് വെമ്പേനിക്കൽ അധ്യക്ഷത വഹിച്ചു. അതിരൂപത വികാരി ജനറാൾ മോൺ. ആൻറണി എത്തയ്ക്കാട്ട് അനുഗ്രഹപ്രഭാഷണം നടത്തി. ജോബ് മൈക്കിൾ എം.എൽ.എ മുഖ്യപ്രഭാഷണം നടത്തി. സിനിമാതാരം ഗിന്നസ് പക്രു മുഖ്യാതിഥിയായിരുന്നു.

കത്തീഡ്രൽ വികാരി ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ, പ്രിൻസിപ്പൽ സിസ്റ്റർ ടിൻസി വാഴക്കാട്, ലോക്കൽ മാനേജർ സിസ്റ്റർ മരിയറ്റ് വടക്കേപ്പുരയ്ക്കൽ, പി.ടി.എ പ്രസിഡന്റ് സാജൻ ജോയി, സ്റ്റാഫ് സെക്രട്ടറി സിന്ധു വർഗീസ്, സ്കൂൾ ലീഡർ ജൂവൽ ധനീഷ്, എന്നിവർ പ്രസംഗിച്ചു.



# പാർപ്പിടം പദ്ധതിയിൽ 11 വീടുകളുടെ താക്കോൽദാനം നടത്തി

**വൈപ്പിൻ:** റോട്ടറി ക്ലബ് കൊച്ചി സെൻട്രൽ, കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിലുള്ള പാർപ്പിടം പദ്ധതിയിൽ നിർമിച്ച 11 വീടുകളുടെ താക്കോൽദാനം കെ.എൻ. ഉണ്ണികൃഷ്ണൻ എം.എൽ.എ നിർവഹിച്ചു.

അയ്യമ്പിള്ളിയിൽ നടന്ന ചടങ്ങിൽ റോട്ടറി ക്ലബ് പ്രസിഡന്റ് ജോസഫ് അലക്സ് അധ്യക്ഷനായി. റോട്ടറി ഗവർണർ എസ്. രാജ് മോഹനൻ നായർ മുഖ്യാതിഥിയായി.

അംബിക ഉണ്ണിക്കൃഷ്ണൻ, ദിനേഷ് വാര്യർ, ബിജു ജോൺ, മുൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തുളസി സോമൻ, കെ.എസ്. നിബിൻ എന്നിവർ പങ്കെടുത്തു.

# കൊച്ചി മുസിരിസ് ബിനാലെ ഇൻവിറ്റേഷൻസ് പരിപാടി 13 മുതൽ

**കൊച്ചി:** കൊച്ചി മുസിരിസ് ബിനാലെയുടെ (കെഎംബി6) ആറാം ലക്കത്തിന്റെ ഭാഗമായി പതിനൊന്ന് സ്ഥാപനങ്ങളുടെ 'ഇൻവിറ്റേഷൻസ്' പരിപാടി ഡിസംബർ 13 മുതൽ ആരംഭിക്കും. ബിനാലെ ആറാം ലക്കത്തിന്റെ ക്യൂറേറ്റർ പ്രമേയവുമായി ചേർന്നു പോകുന്നതാണ് ഇൻവിറ്റേഷൻ പരിപാടിയിലെ പ്രദർശനങ്ങൾ. ബിനാലെയുടെ പ്രധാന വേദികൾ സ്ഥിതി ചെയ്യുന്ന ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി നഗരങ്ങളിലായി ഏഴ് വേദികളിലാണ് ഇത് നടക്കുക. സമകാലീന കലാലോകത്തെ ഔപചാരികവും അനൗപചാരികവുമായ സ്ഥാപനങ്ങളെ നിലനിർത്തുന്ന കലാപ്രവർത്തകരെ ആദരിക്കാനാണ് 'ഇൻവിറ്റേഷൻസ്' ലക്ഷ്യമിടുന്നതെന്ന് കൊച്ചി ബിനാലെ ഫൗണ്ടേഷൻ ഡയറക്ടർ ഓഫ് പ്രോഗ്രാംസ് മാരിയോ ഡിസൂസ പറഞ്ഞു. 2022 ൽ ആണ് ഇൻവിറ്റേഷൻസ് എന്ന ആശയം ഉയർന്നു വന്നത്. വിഷ ലിപ്തവും കലുഷിതവുമായ ലോകക്രമമായിരുന്നു അന്നുണ്ടായിരുന്നത്. ഓരോ കലാകാരന്റെയും കലാപ്രവർത്തന രീതി, ഭാഷ, എന്നിവയിലൂടെയുള്ള വിജ്ഞാന സമ്പാദനമാണ് ഈ ആശയത്തിലുടെ ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. മട്ടാഞ്ചേരിയിലെയും ഫോർട്ട് കൊച്ചിയിലെയും പല വെയർഹൗസുകളും കൊച്ചി ബിനാലെ ഈ പരിപാടിക്കായി ഏറ്റെടുത്തിട്ടുണ്ട്. ഇവയുടെ കലാപരമായ പ്രത്യേകതകളെ നിലനിർത്തി കൊണ്ടായിരിക്കും പുതിയ കലാപ്രദർശനം നടത്തുന്നത്. കൊച്ചി മുസരീസ് ബിനാലിയുടെ 22 വേദികൾക്കും 7 കൊളാറ്ററൽ വേദികൾക്കും സമാന്തരമായാണ് ഇൻവിറ്റേഷൻസ് പ്രവർത്തിക്കുന്നത്.

ഗോവയിലെ എച്ച്.എച്ച് ആർട്സ് സ്പേസുമായി ചേർന്ന് പ്രശസ്ത കലാകാരൻ നിഖിൽ ചോപ്രയാണ് കൊച്ചി മുസിരിസ് ബിനാലെ ആറാം ലക്കം ക്യൂറേറ്റ് ചെയ്യുന്നത്. ഡിസംബർ 12 മുതൽ മാർച്ച് 31 വരെ 110 ദിവസങ്ങളിലാണ് പരിപാടി നടക്കുന്നത്. ഫോർ ദി ടൈം ബീയിംഗ് എന്നതാണ് ആറാം ലക്ഷത്തിന്റെ ക്യൂറേറ്റർ പ്രമേയം.

# ആർട്ട്റിവ്യൂ പവർ 100 പട്ടിക: ഇടം പിടിച്ച് ബോസ് കൃഷ്ണമാചാരിയും കിരൺ നാടാറും

**കൊച്ചി:** അടുത്തയാഴ്ച ആരംഭിക്കുന്ന കൊച്ചിമുസിരിസ് ബിനാലെയുടെ ആറാം ലക്കത്തിൽ പങ്കെടുക്കുന്ന ഘാന കലാകാരൻ ഇബ്രാഹിം മഹാമ ആഗോള പ്രശസ്തമായ ആർട്ട്റിവ്യൂ പവർ 100 പട്ടികയിൽ ഒന്നാം സ്ഥാനം നേടി. ലണ്ടൻ ആസ്ഥാനമായുള്ള ആർട്ട്റിവ്യൂ മാഗസിൻ 2024ലെ ഏറ്റവും സ്വാധീനമുള്ള വ്യക്തികളുടെ പട്ടികയിലാണ് മഹാമ നേട്ടം കൈവരിച്ചത്. കൊച്ചി ബിനാലെ ഫൗണ്ടേഷൻ പ്രസിഡന്റും സഹ സ്ഥാപകനുമായ ബോസ് കൃഷ്ണമാചാരി 52ാം സ്ഥാനത്തും ആർട് കളക്റ്ററും കിരൺ നാടാർ മ്യൂസിയം ഓഫ് ആർട്ട് ചെയർപേഴ്സണും കെബിഎഫ് രക്ഷാധികാരിയുമായ കിരൺ നാടാർ 18ാം സ്ഥാനത്തും ഇടംപിടിച്ചു.



ബിനാലെയുടെ ആറാം ലക്കത്തിൽ പങ്കെടുക്കുന്ന സെർബിയൻ ആർട്ടിസ്റ്റ് മറീന അബ്രമോവിച്ച് പട്ടികയിൽ 28ാം സ്ഥാനത്തുണ്ട്. മുപ്പത്തെട്ടുകാരനായ ഇബ്രാഹിം മഹാമ ഈ പട്ടികയിൽ ഒന്നാമതെത്തുന്ന ആദ്യ ആഫ്രിക്കൻ കലാകാരനാണ്. കൊച്ചി ബിനാലെയിൽ 'പാർലമെന്റ് ഓഫ് ഗോസ്റ്റ്സ്' എന്ന ബൃഹത്തായ പ്രതിഷ്ഠാപനമാണ് അദ്ദേഹം ഒരുക്കുന്നത്. ഇതിനായുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് മട്ടാഞ്ചേരിയിൽ അദ്ദേഹം നേരിട്ടാണ് നേതൃത്വം നൽകുന്നത്. 2012 മുതൽ നടക്കുന്ന രാജ്യത്തെ ഏക അന്താരാഷ്ട്ര ബിനാലെയുടെ സംഘാടനത്തിന് നേതൃത്വം നൽകുന്ന കലാകാരൻ കൂടിയാണ് ബോസ് കൃഷ്ണമാചാരി. പട്ടികയിൽ ഇടംപിടിച്ച മറീന അബ്രമോവിച്ചിന്റെ വാട്ടർഫോൾ എന്ന വീഡിയോ പ്രതിഷ്ഠാപനം ബിനാലെ വേദിയായ ഐലൻഡ് വെയർഹൗസിൽ പ്രദർശിപ്പിക്കും.

108 ടിബറ്റൻ സന്യാസിമാരുടെ പ്രാർത്ഥന ഉൾക്കൊള്ളുന്നതാണ് ഈ സൃഷ്ടി. കൂടാതെ പെർഫോമൻസ് ആർട്ടിനെക്കുറിച്ചുള്ള പ്രഭാഷണവും മറീന നടത്തും. ജനകീയ ബിനാലെയുടെ വിജയമാണ് തനിക്ക് ലഭിച്ച ഈ അംഗീകാരമെന്ന് ബോസ് കൃഷ്ണമാചാരി പ്രതികരിച്ചു. ബിനാലെ രൂപപ്പെടുത്തിയ കൂട്ടായ പ്രവർത്തനങ്ങളുടെയും വിശ്വാസത്തിന്റെയും പ്രതിഫലനമാണിതെന്നും അദ്ദേഹം പറഞ്ഞു.

കൊച്ചിയുമായി ബന്ധമുള്ള എമിലി ജാസിർ, തിയാഗോ പൗള ഡി സൂസ, മുൻ ബിനാലെകളിൽ പങ്കെടുത്ത ഹോ ത്സു നിയെൻ, ഹേഗ് യാങ്, റാക്സ് മീഡിയ കളക്റ്റീവ് എന്നിവരും ഇത്തവണത്തെ ആർട്ട്റിവ്യൂ പവർ 100 പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.

# ഒരു ലോകം ഒരു ഹൃദയം: ജില്ലാതല മത്സരങ്ങൾ സമാപിച്ചു

**കൊച്ചി:** അമൃത വിശ്വവിദ്യാപീഠം എട്ടാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസുവരെയുള്ള വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന ഒരു ലോകം ഒരു ഹൃദയം പരിപാടിയുടെ ജില്ലാതല മത്സരങ്ങൾ സമാപിച്ചു. ഇടപ്പള്ളി അമൃത വിദ്യാലയത്തിലും പെരുമ്പാവൂർ അമൃത വിദ്യാലയത്തിലുമായി നടന്ന മത്സരങ്ങളിൽ സബ്ജൂനിയർ, ജൂനിയർ, സീനിയർ വിഭാഗങ്ങളിലായി ജില്ലയിലെ നാനൂറോളം വിദ്യാർത്ഥികൾ പങ്കെടുത്തു. സംസ്ഥാനത്താകമാനം മൂവായിരത്തഞ്ഞൂറോളം പേരാണ് ഒരേദിവസം മത്സരങ്ങളിൽ പങ്കെടുത്തത്. സദ്ഗുരു ശ്രീ മാതാ അമൃതാനന്ദമയി ദേവി ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലിയിൽ മലയാളത്തിൽ സംസാരിച്ചതിൻറെ ഇരുപത്തിയഞ്ചാം വാർഷികത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾക്കായി ചിത്രരചന, ഉപന്യാസം, ക്വിസ് തുടങ്ങിയ മത്സരങ്ങളാണ് സംഘടിപ്പിക്കുന്നത്. ഒരേസമയം വിവിധ സെന്ററുകളിലായി നടക്കുന്ന ജില്ലാ മത്സരങ്ങളിൽ പങ്കെടുത്ത് വിജയികളാകുന്നവർക്ക് ജനുവരി 12ന് അമൃത വിശ്വവിദ്യാപീഠം അമൃതപുരി ക്യാമ്പസിൽ വച്ച് നടക്കുന്ന ഫൈനൽ റൗണ്ട് മത്സരങ്ങളിൽ പങ്കെടുക്കാം. ഇതിൽ വിജയികളാകുന്നവർക്ക് 15 ലക്ഷത്തോളം രൂപയുടെ സമ്മാനങ്ങളാണ് ലഭിക്കുക. വിദ്യാർത്ഥികൾക്കായുള്ള മത്സരങ്ങൾക്ക് പുറമെ പ്രദർശനങ്ങൾ ഉൾപ്പെടെ നിരവധി പരിപാടികളാണ് ഇതിന്റെ ഭാഗമായി അമൃത വിശ്വവിദ്യാപീഠം സംഘടിപ്പിക്കുന്നത്.





റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ എറണാകുളം ഇന്ദിരാഗാന്ധി ആശുപത്രിയാക്കായി സംഭാവന ചെയ്ത ആംബുലസിന്റെ താക്കോൽ റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ ഭാരവാഹി ഡോ. സുജിത് വാസുദേവനിൽ നിന്നും ഇന്ദിരാഗാന്ധി ആശുപത്രി സെക്രട്ടറി അജയ് തറയിൽ ഏറ്റുവാങ്ങുന്നു.

# ആംബുലൻസ് കൈമാറി

**കൊച്ചി:** റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ എറണാകുളം ഇന്ദിരാഗാന്ധി ആശുപത്രിയാക്കായി സംഭാവന ചെയ്ത ആംബുലസ് കൈമാറി. ആശുപത്രി അങ്കണത്തിൽ നടന്ന ചടങ്ങിൽ റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ ഭാരവാഹി ഡോ. സുജിത് വാസുദേവനിൽ നിന്നും ഇന്ദിരാഗാന്ധി ആശുപത്രി സെക്രട്ടറി അജയ് തറയിൽ ആംബുലൻസിന്റെ താക്കോൽ ഏറ്റുവാങ്ങി. ഐ.എം.എ കൊച്ചി മുൻ പ്രസിഡന്റ് ഡോ. എസ്. ശ്രീനിവാസ കമ്മത്ത്, റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ കമ്മ്യൂണിറ്റി സർവ്വീസ് ഡയറക്ടർ ഡോ. പി.ടി മാത്യു, ഭാരവാഹികളായ സുശീൽ അശ്വനി, രവീന്ദ്രൻ കൃഷ്ണൻ, ശ്രീകാന്ത് സൂര്യ നാരായണൻ, രാജൻ നായർ, ഇന്ദിരാഗാന്ധി ആശുപത്രി ഡയറക്ടർമാരായ പി.വി അഷ്റഫ്, വിജയകുമാർ, മെഡിക്കൽ സൂപ്രണ്ട് ഡോ. സച്ചിദാനന്ദ കമ്മത്ത് തുടങ്ങിയവർ പങ്കെടുത്തു.

# ശിവഗിരി തീർത്ഥാടന പദയാത്രയ്ക്ക് ഒരുക്കങ്ങളായി

**ശിവഗിരി:** ഗുരുധർമ്മ പ്രചരണ സഭ കേന്ദ്ര സമിതിയും തിരുവനന്തപുരം ജില്ലാ കമ്മിറ്റിയും സംയുക്തമായി സംഘടിപ്പിക്കുന്ന 93 മത് ശിവഗിരി തീർത്ഥാടന മഹാമഹത്തിന്റെ ഭാഗമായിട്ടുള്ള പദയാത്രയിൽ സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തുനിന്നുമുള്ള പദയാത്രികർ പങ്കെടുക്കും. സംസ്ഥാനത്തിന്റെ തെക്കൻ മേഖലയായ പാറശ്ശാല, ചൂഴാൽ ശ്രീകൃഷ്ണസ്വാമി ദേവസ്വം ട്രസ്റ്റ് ഗുരുദേവ സന്നിധിയിൽ നിന്നാണ് പദയാത്ര പുറപ്പെടുക. 5 ദിവസങ്ങൾ സഞ്ചരിച്ചാകും ശിവഗിരി മഹാസമാധിയിൽ പദയാത്ര എത്തിച്ചേരുക. ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് പ്രസിഡന്റ് സച്ചിദാനന്ദ സ്വാമി, ജനറൽസെക്രട്ടറി ശുഭാംഗാനന്ദ സ്വാമി, ട്രഷററും തീർത്ഥാടന കമ്മിറ്റി സെക്രട്ടറിയുമായ ശാരദാനന്ദ സ്വാമി, ഗുരുധർമ്മ പ്രചരണസഭ സെക്രട്ടറി അസംഗാനന്ദഗിരി സ്വാമി തുടങ്ങിയവരുടെ മാർഗ്ഗനിർദേശത്താൽ പദയാത്ര സ്വാഗതസംഘം ചെയർമാൻ ആറ്റിങ്ങൽ കൃഷ്ണൻകുട്ടി, ക്യാപ്റ്റൻ അശോകൻ ശാന്തി, ജനറൽ കൺവീനർ ചൂഴാൽ ജി നിർമലൻ, വൈസ് ക്യാപ്റ്റൻ എം.ഡി സലീം, സഭ ജില്ലാ പ്രസിഡന്റ് അരുവിയോട് വിശ്വംഭരൻ, ജില്ല സെക്രട്ടറി ശുചീന്ദ്രബാബു, ഫിനാൻസ് കൺവീനർ ജി. രഘുവരൻ തുടങ്ങിയവർ പദയാത്ര വിജയിപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ആരംഭിച്ചുകഴിഞ്ഞു. പീതാംബരധാരികളായ നിരവധി ഗുരുദേവ വിശ്വാസികൾ പദയാത്രയിൽ പങ്കെടുക്കും. യാത്രാമധ്യേ ചൂഴാൽ മുതൽ ശിവഗിരി വരെ വിവിധ കേന്ദ്രങ്ങളിൽ താമസത്തിനും ഭക്ഷണത്തിനും സ്വീകരണത്തിനും തദ്ദേശവാസികൾ ആവശ്യമായ ക്രമീകരണങ്ങൾ ഒരുക്കുമെന്നും സംഘാടകർ അറിയിച്ചു. വിവരങ്ങൾക്ക് 9847055947, 9895643644.

# ശിവഗിരി തീർത്ഥാടനത്തിന് ഉദയാസ്തമന ഗുരുദേവ കീർത്തനാലാപനവും ഗുരുചരിത പ്രഭാഷണവും

**ശിവഗിരി:** ശിവഗിരി തീർത്ഥാടനം പ്രമാണിച്ച് ഡിസംബർ 21, 22 തീയതികളിൽ ഗുരുദേവ ഭക്തർക്കായി ഗുരുദേവ കീർത്തനാലാപനവും ഗുരുചരിത പ്രഭാഷണങ്ങളും നടത്താവുന്നതാണ്. ഗുരുദേവനെ സ്തുതിച്ചുകൊണ്ട് മഹാത്മാക്കൾ എഴുതിയ സ്തുതികൾ ഭക്തജനങ്ങൾക്ക് ആലാപനം ചെയ്യാനാകും. ഒരാൾക്ക് 5 മിനിറ്റാണ് സമയം.

രാവിലെ ആരംഭിക്കുന്ന സങ്കീർത്തനാലാപനം സായംസന്ധ്യ വരെ തുടരുന്നതായിരിക്കും. ഗുരുദേവ പാദങ്ങളിൽ ഗുരുകീർത്തനം ചൊല്ലി ഗുരുകീർത്തനാലാപനം ഒരർച്ചനയായി സമർപ്പിച്ച് അനുഗ്രഹം നേടാവുന്നതാണ്. അതുപോലെ ഇക്കാലംവരെയും ഒരു ഗ്രന്ഥത്തിലും പ്രസാദനം ചെയ്തിട്ടില്ലാത്ത ഗുരുദേവന്റെയും ശിഷ്യന്മാരുടെയും ചരിത്രകഥകൾ ഭക്തജനങ്ങൾക്ക് പ്രഭാഷണമായി അവതരിപ്പിക്കാം. ശിവഗിരിയിലെത്തി ഭജിച്ച് ഓരോരുത്തർക്കും ഉണ്ടായിട്ടുള്ള അനുഭവങ്ങൾ വെളിപ്പെടുത്താനാകും.

ഒരാൾക്ക് 10 മിനിറ്റ് നേരമാണ് സമയമെന്ന് തീർഥാടന കമ്മിറ്റി സെക്രട്ടറി സ്വാമി ശാരദാനന്ദ അറിയിച്ചു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ സ്വാമി അസംഗാനന്ദഗിരി, ശിവഗിരി തീർത്ഥാടന കമ്മിറ്റി ജോയിൻറ് സെക്രട്ടറി, ശിവഗിരി മഠം വർക്കല. പി.ഒ, തിരുവനന്തപുരം എന്ന വിലാസത്തിലും ഫോണിലും ബന്ധപ്പെടാവുന്നതാണ് 9048963089.

സൊസൈറ്റി ടുഡേ
SOCIETY TODAY



പാം കെയർ കൊച്ചിയിൽ സംഘടിപ്പിച്ച ദ്വിദിന ഗ്ലോബൽ ഹെൽത്തി ഏജിംഗ് കോൺക്ലേവ് സിനിമാതാരം അനൂപ് മേനോൻ ഉദ്ഘാടനം ചെയ്യുന്നു. നിതിൻ രാജൻ, ലിമി ആൻ റോസ്, ബാബു ജോസഫ്, ശ്രീരാജ് നായർ, ജിജി ഫിലിപ്പ്, ജോസഫ് അലക്സ് എന്നിവർ സമീപം.

# ഹെൽത്തി ഏജിംഗ് കോൺക്ലേവ് ഉദ്ഘാടനം ചെയ്തു

**കൊച്ചി:** മുതിർന്ന പൗരന്മാരുടെ വിരമിക്കൽ കാലം സമാധാനത്തോടെയും, സന്തോഷത്തോടെയും ആരോഗ്യത്തോടെയും ജീവിക്കാൻ ഏറ്റവും ഉചിതമായ സ്ഥലം കേരളമാണെന്ന് ഹെൽത്തി ഏജിംഗ് ഗ്ലോബൽ കോൺക്ലേവ് ഉദ്ഘാടനം ചെയ്ത സിനിമാതാരം അനൂപ് മേനോൻ പറഞ്ഞു. മെച്ചപ്പെട്ട കേരളത്തിന്റെ ആരോഗ്യ മേഖലയും പശ്ചാത്തല സൗകര്യങ്ങളും മുതിർന്ന പൗരന്മാരെ കേരളത്തിലേയ്ക്ക് ആകർഷിക്കാൻ പര്യാപ്തമാണെന്ന് കോൺക്ലേവിൽ നടന്ന പാനൽ ചർച്ചകളിൽ വിദഗ്ദർ അഭിപ്രായപ്പെട്ടു. പാംകെയർ സീനിയർ ലിവിംഗ് ആണ് കാക്കനാട് ചിറ്റിലപ്പിള്ളി സ്ക്വയറിൽ ദ്വിദിന ഗ്ലോബൽ ഹെൽത്തി ഏജിംഗ് കോൺക്ലേവ് സംഘടിപ്പിച്ചത്.

ബെസ്റ്റ് ജെറിയാട്രീഷ്യൻ അവാർഡ് മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിലെ ഡോ. ജിനോ ജോയിക്ക് ചടങ്ങിൽ സമ്മാനിച്ചു. കോതമംഗലത്ത് ആരംഭിക്കുന്ന പാംകെയർ സീനിയർ ലിവിംഗിന്റെ പ്രഖ്യാപനം സംസ്ഥാന സർക്കാരിന്റെ ഡൽഹിയിലെ പ്രത്യേക പ്രതിനിധി പ്രൊഫ. കെ.വി.തോമസ് നടത്തി. രാജഗിരി ആശുപത്രി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോൺസൺ വാഴപ്പിള്ളി, ഹൃദ്രോഗ വിദഗ്ദൻ ഡോ. ജോസ് പെരിയപ്പുറം, ഇ.വി.എം ഹോട്ടൽസ് മാനേജിംഗ് ഡയറക്ടർ ജെയിംസ് മാത്യു, കൊച്ചി ഐ.എം.എ പ്രസിഡന്റ് ഡോ. അതുൽ ജോസഫ് മാനുവൽ, പാംകെയർ മാനേജിംഗ് ഡയറക്ടർ ബാബു ജോസഫ്, ഡയറക്ടർ ലിമി ആൻ റോസ് തുടങ്ങിയവർ പ്രസംഗിച്ചു.

# കൺവർജെൻസ് ഇന്ത്യ റോഡ് ഷോ ഇൻഫോപാർക്കിൽ നടന്നു

**കൊച്ചി:** അടുത്ത വർഷം മാർച്ചിൽ ഡൽഹിയിൽ നടക്കാൻ പോകുന്ന 33ാമത് കൺവെർജൻസ് ഇന്ത്യ പ്രദർശനത്തിന് മുന്നോടിയായുള്ള റോഡ്ഷോ ഇൻഫോപാർക്കിൽ നടന്നു. ഇൻഫോപാർക്കിൽ പ്രവർത്തിക്കുന്ന തെരഞ്ഞെടുത്ത കമ്പനികളുടെ പിച്ചിംഗിൽ (നൂതനസാങ്കേതിക വിദ്യയുടെയും ഉത്പന്നങ്ങളുടെയും വിവരണവും പ്രവർത്തനമാതൃകകളുടെ അവതരണവും) സ്മാർട്ട് ഫോക്സ് ടെക്നോളജീസ് വിജയികളായി. സ്റ്റാർട്ടപ്പുകളെയും, മികച്ച ആശയവും ഉത്പന്ന മാതൃകകളുമുള്ള കമ്പനികളെയും കൈ പിടിച്ചുയർത്തുന്നതിൽ ഏറെ പങ്ക് വഹിക്കുന്ന ഉദ്യമമാണ് കൺവെർജൻസ് ഇന്ത്യ എക്സ്പോയെന്ന് ഇൻഫോപാർക്ക് സിഇഒ സുശാന്ത് കുറുന്തിൽ പറഞ്ഞു. നൂതനത്വത്തെ പ്രോത്സാഹിപ്പിക്കുന്ന ഐടി ആവാസവ്യവസ്ഥയാണ് കേരളം ഇപ്പോൾ മുന്നോട്ടു വയ്ക്കുന്നത്. ഈ സാഹചര്യത്തിൽ കേരളത്തിലെ കമ്പനികൾക്ക് കൺവെർജൻസ് ഇന്ത്യ മികച്ച അവസരമാണ് നൽകുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. എക്സിബിഷൻസ് ഇന്ത്യ ഗ്രൂപ്പ് ഡയറക്ടർ ധ്രുവ് ബഹൽ, അസി. ജനറൽ മാനേജർ കരുൺ സലൂജ, സംസ്ഥാന സർക്കാരിന്റെ ട്രേഡ് പ്രൊമോഷൻ ആൻഡ് ഇൻവസ്റ്റ്മന്റ് അട്രാക്ഷൻ ലീഡ് സ്ട്രാറ്റജിസ്റ്റ് പ്രജിത് പ്രഭാകരൻ തുടങ്ങിയവർ സംസാരിച്ചു. അബാസോഫ്റ്റ് ടെക്നോളജീസ്, റെക്സ്ടെക് സ്റ്റുഡിയോസ്, പ്രൈംക്രൗൺ ടെക്നോളജീസ്, സ്മാർട്ട്ഫോക്സ് ടെക്നോളജീസ്, റൂം സ്മാർട്ട് ടെക്നോളജീ എന്നീ കമ്പനികളാണ് പിച്ചിംഗിൽ പങ്കെടുത്തത്. വിജയിക്ക് കൺവെർജൻസ് ഇന്ത്യയിൽ സൗജന്യമായി സ്റ്റാൾ, യാത്രാ താമസ സൗകര്യം പങ്കാളിത്തം എന്നിവയാണ് ലഭിച്ചത്. കൺവെർജൻസ് ഇന്ത്യയുടെ 32 മത് ലക്കത്തിൽ മികച്ച സ്റ്റാർട്ടപ്പ് പിച്ച് ഹബ് പുരസ്കാരം നേടിയ കേരളത്തിൽ നിന്നുള്ള സ്റ്റാർട്ടപ്പായ ഫ്യൂസലേജ് ഇനോവേഷൻസ് പ്രതിനിധി മിഥുൽ ജോഷി തങ്ങളുടെ സംരംഭക യാത്രയെക്കുറിച്ച് അവതരണവും നടത്തി.

# സാമൂഹിക സാംസ്കാരിക സേവന പ്രവർത്തനം : പങ്കാളികളാകാൻ വേൾഡ് മലയാളി കൗൺസിൽ സുസജ്ജം

**കൊച്ചി:** മലയാളത്തനിമ നിലനിർത്തി ലോക മലയാളികളുടെ സാമൂഹിക,സാംസ്കാരിക,സേവന രംഗങ്ങളിൽ പ്രവർത്തിക്കാനും നേതൃത്വം നൽകാനും വേൾഡ് മലയാളി കൗൺസിൽ സന്നദ്ധമാണെന്ന് ഗ്ലോബൽ പ്രസിഡണ്ട് ബേബി മാത്യു സോമതീരം പറഞ്ഞു. വേൾഡ് മലയാളി കൗൺസിൽ ഇന്ത്യ റീജൻ പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.ലോകത്തെ ഏത് കോണിലും കഴിയുന്ന മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് സാധ്യമായ പരിഹാരം ചെയ്യുക എന്നതാണ് വേൾഡ് മലയാളി കൗൺസിലിന്റെ പ്രധാന ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

കൊച്ചി ഹോട്ടൽ പാർക്ക് സെൻട്രൽ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഹൃദയ ശസ്ത്രക്രിയാ വിദഗ്ധൻ പദ്മഭൂഷൺ ഡോ. ജോസ് ചാക്കോ പെരിയപ്പുറം മുഖ്യാതിഥിയായി പങ്കെടുത്തു. ഇന്ത്യാ റീജൻ പ്രസിഡന്റ് ശശിധരൻ നായർ അധ്യക്ഷത വഹിച്ചു. ഗ്ലോബൽ വൈസ് പ്രസിഡന്റുമാരായ ഡോ.ശശി നടക്കൽ, സി.യു.മത്തായി,ഡൊമിനിക് ജോസഫ്,ഗ്ലോബൽ സെക്രട്ടറി സാം ജോസഫ്, ഇന്ത്യ റീജൻ ജനറൽ സെക്രട്ടറി ഷിജു ജോസഫ്, സെക്രട്ടറി രാജു ജോർജ്,തിരുകൊച്ചി പ്രോവിൻസ് പ്രസിഡന്റ് വി. എം അബ്ദുള്ള ഖാൻ, ചെയർമാൻ കെ.ആർ രവീന്ദ്രൻ, ട്രഷറർ മോനി വി. ആദ്കുഴി, കൊച്ചി ചാപ്റ്റർ പ്രസിഡന്റ് ബാലഗോപാൽ വെളിയത്ത്, ചെയർമാൻ വി. പി ശ്രീകുമാർ, സെക്രട്ടറി ഡോ.ജോസഫ് കോട്ടൂരാൻ,വിമൻസ് കൗൺസിൽ പ്രസിഡന്റ് അഞ്ജലി നായർ എന്നിവർ പ്രസംഗിച്ചു. രാജ്യം പദ്മഭൂഷൺ നൽകി ആദരിച്ച പ്രമുഖ ശസ്ത്രക്രിയ വിദഗ്ധൻ ഡോ.ജോസ് ചാക്കോ പെരിയപ്പുറം,സിനിമാ താരവും അമ്മ എക്സിക്യൂട്ടീവ് അംഗവുമായ അഞ്ജലി നായർ എന്നിവരെ ചടങ്ങിൽ ആദരിച്ചു.

# കൊച്ചിയിലെ അശോക സ്കൂളും ജപ്പാനിലെ കൊച്ചി സ്കൂളും കൈകോർക്കുന്നു

**കൊച്ചി:** ജപ്പാനിലെ തുറമുഖനഗരമായ കൊച്ചിയിലെ തൊസാജുകു ജൂനിയർ ആൻഡ് സീനിയർ സ്കൂളിൽ നിന്നുള്ള നാല് വിദ്യാർത്ഥികളും മൂന്ന് അധ്യാപകരുമടങ്ങുന്ന സംഘം കൊച്ചി എളമക്കരയിലെ അശോക വേൾഡ് സ്കൂൾ സന്ദർശിച്ചു. രണ്ട് സ്കുളുകളിലേയും ആറാം ക്ലാസിനു മുകളിലുള്ള വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുള്ള സാംസ്കാരിക കൈമാറ്റം സംബന്ധിച്ച ധാരണാപത്രം കൊച്ചി മേയർ അഡ്വ. എം. അനിൽകുമാറിന്റെ സാന്നിധ്യത്തിൽ രണ്ട് സ്കൂൾ അധികൃതരും ഒപ്പുവെച്ചു. ഓൺലൈനായും നേരിട്ടുള്ള സന്ദർശനങ്ങളിലൂടെയുമാണ് കൈമാറ്റ പരിപാടി നടപ്പാക്കുകയെന്ന് കൊച്ചിറ്റു കൊച്ചി എക്സ്ചേഞ്ച് പ്രോഗ്രാം വിഭാവനം ചെയ്ത അശോക വേൾഡ് സ്കൂൾ ഡയറക്ടർ ആദർശ് കാവുങ്കൽ പറഞ്ഞു. ഇതിന്റെ ഭാഗമായി അശോകയിൽ നിന്നുള്ള അധ്യാപകരുടേയും സംഘം 2026 ഓഗസ്റ്റിൽ ജപ്പാനിലെ സ്കൂൾ സന്ദർശിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ജപ്പാനീസ്, ഇംഗ്ലീഷ്, മലയാളം ഭാഷകളിലെഴുതിയ ബാനറുകളുമായാണ് സംഘത്തെ അശോക സ്കൂൾ വിദ്യാർത്ഥികളും വരവേറ്റത്. ജപ്പാനീസ് സ്കൂൾ പ്രിൻസിപ്പൽ കുസാക ഹിരോഷി, രസതന്ത്ര അധ്യാപകൻ കോഹെയ് നൊസാകി, ജീവശാസ്ത്ര അധ്യാപകൻ ഷൂന്യ ഹൊസോയ് എന്നിവരും വിദ്യാർത്ഥികളായ കിതമുറ സൊഡായ്, കുസാക കൊടോഹ, നകയാമ ഹിനാകോ, ഷിനോസുകെ നകാനോ എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്. ഇവർ അശോകയിലെ ക്ലാസ്റൂമുകളും സന്ദർശിച്ചു. അശോകയിലെ അധ്യാപിക കബനി മാതൃകാ ക്ലാസെടുത്തു. കേരളീയ വിഭവങ്ങൾ, ബുക് മാർക്കുകൾ, നെറ്റിപ്പട്ടം, ഫ്രിഡ്ജ് മാഗ്നറ്റുകൾ, ടീഷർട്ടുകൾ എന്നിവയുൾപ്പെട്ട സമ്മാനപ്പൊതികളും സന്ദർകർക്ക് കൈമാറി. അശോകാ ക്യാമ്പസ്സിൽ വൃക്ഷത്തൈകളും നട്ടാണ് സംഘം മടങ്ങിയത്.

# റിസർവ് ബാങ്കിന്റെ തീരുമാനം തികച്ചും ഉചിതം: വി. പി നന്ദകുമാർ

**കൊച്ചി:** റിപ്പോ നിരക്ക് 5.25 ശതമാനമായി കുറയും വിധം 25 ബേസിസ് പോയിന്റ് കുറച്ച റിസർവ് ബാങ്കിന്റെ തീരുമാനം തികച്ചും ഉചിതമെന്ന് മണപ്പുറം ഫിനാൻസ് എം.ഡിയും ചെയർമാനുമായ വി. പി നന്ദകുമാർ അഭിപ്രായപ്പെട്ടു. പണപ്പെരുപ്പം കുറയുകയും, സമ്പദ് വ്യവസ്ഥ പിന്തുണ ആവശ്യപ്പെടുകയും ചെയ്യുന്ന ഘട്ടമാണിത്. വില സമ്മർദ്ദം ക്രമേണ സാധാരണ നില കൈവരിക്കുകയും പണ ലഭ്യത മെച്ചപ്പെടുകയും സാമ്പത്തിക വളർച്ച മിതമാവുകയും ചെയ്യുന്ന സന്ദർഭത്തിൽ ഉപഭോഗവും നിക്ഷേപവും വർധിപ്പിയ്ക്കുന്നതിന് ഈ നീക്കം ഉപകരിക്കും. പലിശ കുറയുന്നത് ഭവന വായ്പ, ഓട്ടോമൊബൈൽ വായ്പ, എം.എസ്.എം.ഇ വായ്പ,പ്രവർത്തന മൂലധനം എന്നീ വായ്പകൾക്ക് ചെലവാകുന്ന തുക കുറയും. ഈ നടപടിക്രമങ്ങൾ ഏതാനും ആഴ്ചകളെടുക്കുമെങ്കിലും കുടുംബങ്ങൾക്കും , ചെറുകിട വ്യവസായങ്ങൾക്കും ഇത് ഗുണകരമാണ്. ആർ.ബി.ഐ പണ നയ സമിതിയുടെ തീരുമാനം ബാങ്കുകൾക്ക് വായ്പ കൂടുതൽ സൗകര്യപ്രദമാക്കും. ഉപഭോക്താക്കൾക്കും ചെറുകിട വ്യവസായങ്ങൾക്കും പണ ലഭ്യത വർധിക്കാൻ ഇതു സഹായകമാണ്. പലിശ നിരക്കിൽ വരുത്തിയ കുറവ് സാമ്പത്തിക വളർച്ച ശക്തമാക്കും. കുറഞ്ഞ ഗഡുക്കളും മെച്ചപ്പെട്ട വായ്പാ സാഹചര്യവും റിയൽ എസ്റ്റേറ്റ്, വാഹന, എൻ.ബി.എഫ്.സി മേഖലകൾക്കും അനകൂലമാണിത്. പൊതുവേ ആർ.ബി.ഐയുടേത് ഉചിതമായ സമയത്തു വന്ന ശരിയായ തീരുമാനമാണ്. രാജ്യം 2027 സാമ്പത്തിക വർഷത്തിലേക്കു നീങ്ങുമ്പോൾ ആത്മ വിശ്വാസം വർധിപ്പിയ്ക്കാനും വിശാലാടിസ്ഥാനത്തിലുള്ള വീണ്ടെടുപ്പിലേക്കു നയിക്കാനും ഇതുപകരിക്കുമെന്നും വി. പി നന്ദകുമാർ അഭിപ്രായപ്പെട്ടു.

# ടിവിഎസ് മോട്ടോസോളിന്റെ അഞ്ചാം പതിപ്പ് പുറത്തിറക്കി

**കൊച്ചി:** ഇരുചക്രമുച്ചക്ര വാഹന നിർമാണ രംഗത്തെ ആഗോള മുൻനിരക്കാരായ ടിവിഎസ് മോട്ടോർ കമ്പനി, ടിവിഎസ് മോട്ടോസോൾ മോട്ടോർസൈക്കിൾ ഫെസ്റ്റിന്റെ അഞ്ചാം പതിപ്പ് ഗോവയിൽ പുറത്തിറക്കി.

പുതിയ ടി.വി.എസ് റോണിൻ അഗോണ്ടയും, രണ്ട് കസ്റ്റം മാസ്റ്റർപീസുകളായ ടി.വി.എസ് റോണിൻ കെൻസായി, ടി.വി എസ് അപ്പാച്ചെ ആർആർ310 സ്പീഡ്ലൈൻ എന്നിവയും ആദ്യദിനത്തിൽ ടി.വി.എസ് മോട്ടോർകമ്പനി പുറത്തിറക്കി. ടി.വി.എസ് അപ്പാച്ചെയുടെ റേസിങ് പൈതൃകത്തിന്റെ 20ാം വർഷം ആഘോഷിക്കുന്ന ടിവിഎസ് അപ്പാച്ചെ ആർടിഎക്സ് വാർഷിക പതിപ്പും ഫെസ്റ്റിവലിൽ കമ്പനി പ്രദർശിപ്പിച്ചു. പുതിയ ടിവിഎസ് റോണിൻ അഗോണ്ടയുടെ വില 1,30,990 രൂപയാണ് (ഇന്ത്യയിലുടനീളമുള്ള എക്സ് ഷോറൂം വില).

# എച്ച്.എം.ഡി 100, എച്ച്.എം.ഡി 101 ഫീച്ചർ ഫോണുകൾ വിപണിയിൽ

**കൊച്ചി:** എച്ച്.എം.ഡി തങ്ങളുടെ ഏറ്റവും പുതിയ എച്ച്.എം.ഡി 100, എച്ച്.എം.ഡി 101 എന്നീ ഫീച്ചർ ഫോണുകൾ വിപണിയിൽ അവതരിപ്പിച്ചു. കുറഞ്ഞ വിലയിൽ മികച്ച ഫീച്ചർ ഫോൺ ആഗ്രഹിക്കുന്ന ഇന്ത്യൻ ഉപഭോക്താക്കൾക്കായി പ്രത്യേകം രൂപകൽപന ചെയ്ത മോഡലുകളാണിത്. 2025 ഡിസംബർ 5 മുതൽ പ്രമുഖ റീട്ടെയിൽ സ്റ്റോറുകൾ, പ്രധാന ഇകൊമേഴ്സ് പ്ലാറ്റ്ഫോമുകൾ, HMD.com എന്നിവയിലൂടെ 949 രൂപയ്ക്ക് ഇരു മോഡലുകളും വാങ്ങാനാവുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. അത്യാധുനിക രീതിയിലുള്ള മനോഹരമായ ഡിസൈനാണ് എച്ച്.എം.ഡി 100ന്. ഒരു വർഷത്തെ റീപ്ലേസ്മെന്റ് ഗ്യാരണ്ടിയുണ്ട്. കോളുകൾ ചെയ്യുന്നതിനും മെസേജുകൾ അയക്കുന്നതിനും പ്രത്യേകമായി രൂപകൽപന ചെയ്ത ഈ മോഡൽ 800 എം.എ.എച്ച് ബാറ്ററിയോടെയാണ് വരുന്നത്. ഡ്യുവൽ എൽഇഡി ടോർച്ച്, വയർലെസ് എഫ്എം, ഫോൺ ടോക്കർ, 10 ഇന്ത്യൻ ഭാഷാ ഇൻപുട്ട് സപ്പോർട്ട്, 23 ഇന്ത്യൻ ഭാഷാ റെൻഡർ സപ്പോർട്ട് എന്നീ ഫീച്ചറുകളുമുണ്ട്. ഗ്രേ, ടീൽ, റെഡ് എന്നീ നിറങ്ങളിൽ ഫോണുകൾ ലഭ്യമാകുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.




കരുത്തുറ്റ ഡിസൈനിൽ വരുന്ന എച്ച്.എം.ഡി 101 മോഡൽ ബ്ലൂ, ഗ്രേ, ടീൽ എന്നീ നിറങ്ങളിൽ ലഭ്യമാവും. ഇൻബിൽറ്റ് എംപി3 പ്ലെയർ, വയർലെസ് എഫ്.എം റേഡിയോ എന്നിവ കൂടാതെ മൈക്രോഎസ്ഡി കാർഡ് വഴി സ്റ്റോറേജ് വർധിപ്പിക്കാനുള്ള സൗകര്യവുമുണ്ട്. ഡ്യുവൽ എൽഇഡി ടോർച്ച്, ഓട്ടോ കാൾ റെക്കോർഡിങ, ഫോൺ ടോക്കർ, 10 ഇന്ത്യൻ ഭാഷാ ഇൻപുട്ട് സപ്പോർട്ട്, 23 ഇന്ത്യൻ ഭാഷാ റെൻഡർ സപ്പോർട്ട് എന്നിവയും സവിശേഷതകളാണ്.



## വർമ്മ ഹോംസ്: ബ്രോഷർ പ്രകാശനം ചെയ്തു

**കൊച്ചി:** വർമ്മ ഹോംസിന്റെ കാക്കനാട് പാലച്ചുവടിലുള്ള വർമ്മ അവന്യൂ ലക്ഷ്വറി അപ്പാർട്ട്മെന്റ് പ്രൊജക്ടിന്റെ ബ്രോഷർ പ്രകാശനം ചെയ്തു. വർമ്മ ഹോംസ് ഡയറക്ടർ ഡോ. മിനി വർമ്മ സ്ഥലം ഉടമകളായ ജോൺ ജോസ് വളവി, ജോസ് വളവി എന്നിവർക്ക് നൽകി പ്രകാശനം നിർവഹിച്ചു. വർമ്മ ഹോംസ് വൈസ് പ്രസിഡന്റ് ആരതി വർമ്മ, വർമ്മ ഹോംസ് മാനേജിംഗ് ഡയറക്ടർ കെ. അനിൽ വർമ്മ, സുബിൻ തോമസ് തുടങ്ങിയവർ പങ്കെടുത്തു.

## ദ ഫസ്റ്റ് ലുക്ക് ഇവന്റുമായി സാംസങ്

**കൊച്ചി**: സാംസങ് ഇലക്ട്രോണിക്സ് ജനുവരി 4ന് ലാസ് വേഗാസിലെ വിൻ ലാറ്റൂർ ബാൾറൂമിൽ 'ദ ഫസ്റ്റ് ലുക്ക്' ഇവന്റ് സംഘടിപ്പിക്കും. ലോകത്തെ ഏറ്റവും വലിയ ഐടി, കൺസ്യൂമർ ഇലക്ട്രോണിക്സ് പ്രദർശന പരിപാടിയായ സിഇഎസ് 2026 ആരംഭിക്കുന്നതിന് രണ്ടു ദിവസം മുമ്പായാണ് ഇവന്റ് നടക്കുന്നത്. കൺസ്യൂമർ ടെക്നോളജി അസോസിയേഷൻ സംഘടിപ്പിക്കുന്ന വാർഷിക വ്യാപാര പ്രദർശനമാണ് സിഇഎസ്. കൺസ്യൂമർ ഇലക്ട്രോണിക്സ് വ്യവസായത്തിലെ പുതിയ ഉൽപന്നങ്ങളുടെയും സാങ്കേതിക വിദ്യകളുടെയും അവതരണങ്ങൾ ഈ പരിപാടിയിൽ നടക്കും. ഇവന്റിൽ സാംസങ് 2026ലെ ഡിഎക്സ് ഡിവിഷന്റെ ദർശനവും പുതിയ എഐ അധിഷ്ഠിത ഉപഭോക്തൃ അനുഭവങ്ങളും അവതരിപ്പിക്കും. സാംസങ് സിഇഒയും ഡിഎക്സ് ഡിവിഷൻ മേധാവിയുമായ ടി.എം.റോ ഇവന്റിലെ മുഖ്യ പ്രഭാഷകൻ ആയിരിക്കും. കൂടാതെ വിഷ്വൽ ഡിസ്‌പ്ലേ ബിസിനസ് പ്രസിഡന്റ് എസ്.ഡബ്ല്യു. യോങും ഡിജിറ്റൽ അപ്ലയൻസസ് ഇവിപി ചൊൽജി കിമ്മും സംസാരിക്കും. പ്രദർശനം വിൻ ലാസ് വേഗാസിൽ ജനുവരി 7 വരെ തുടരും.

# ഊരാളുങ്കൽ സൊസൈറ്റി കോൺക്രീറ്റ് പ്ലാന്റിന് ബിഐഎസ് സർട്ടിഫിക്കേഷൻ

**കൊച്ചി:** ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോഓപ്പറേറ്റീവ് സൊസൈറ്റിയുടെ വിഴിഞ്ഞം നെട്ടത്താണിയിലെ കോൺക്രീറ്റ് മിക്സിങ് യൂണിറ്റിന് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് (ബി.ഐ.എസ്) അംഗീകാരം. ഈ സർട്ടിഫിക്കേഷൻ ലഭിക്കുന്ന സംസ്ഥാനത്തെ അഞ്ചാമത്തെയും തിരുവനന്തപുരം ജില്ലയിലെ ആദ്യത്തെയും സ്ഥാപനമാണ് ഊരാളുങ്കൽ സൊസൈറ്റിയെന്ന് അധികൃതർ വ്യക്തമാക്കി. ഐഎസ്/ഐഎസ്ഒ 9001:2015 ഗുണനിലവാര മാനേജ്മെന്റ് സംവിധാനവും റെഡി മിക്സഡ് കോൺക്രീറ്റിനുള്ള പ്രത്യേക ഇന്ത്യൻ സ്റ്റാൻഡേർഡായ ഐഎസ് 4926:2003ഉം പാലിക്കുന്നതിനുള്ള ഇരട്ട സർട്ടിഫിക്കേഷനാണു ഊരാളുങ്കൽ സൊസൈറ്റിക്ക് ലഭിച്ചത്. അന്താരാഷ്ട്രതലത്തിൽ അംഗീകരിച്ച കർശനമാനദണ്ഡങ്ങളാണു പ്ലാന്റിനുള്ളതെന്ന് സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്നു. റെഡി മിക്സ്ഡ് കോൺക്രീറ്റ് നിർമ്മാണ പ്രക്രിയക്കുള്ള സുപ്രധാന ലൈസൻസ് ഈ പ്ലാന്റിന്റെ ഉയർന്ന ഗുണനിലവാരവും മാനദണ്ഡങ്ങളും ഭാവിയിലും ഉറപ്പാക്കും. ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് ആക്റ്റ് 2016 പ്രകാരമുള്ള ഈ ലൈസൻസ് അനുവദിച്ചതിനെ തുടർന്ന് ഗുണനിലവാര മാനേജ്മെന്റ് സിസ്റ്റംസ് ലൈസൻസികളുടെ ബി.ഐ.എസ് രജിസ്റ്ററിൽ ഊരാളുങ്കൽ സൊസൈറ്റിയെ ഉൾപ്പെടുത്തുമെന്നും സൊസൈറ്റി അധികൃതർ വ്യക്തമാക്കി.



## നാല് ഫണ്ടുകൾ അവതരിപ്പിച്ചു ഡി.എസ്.പി മ്യൂച്വൽ ഫണ്ട്

**കൊച്ചി:** രാജ്യത്തെ പ്രമുഖ അസറ്റ് മാനേജ്മന്റ് കമ്പനിയായ ഡി.എസ്.പി മ്യൂചൽ ഫണ്ട് നിഫ്റ്റി മിഡ്ക്യാപ് 150ന്റെ ഇൻഡക്സ്, ഇ.ടി.എഫ് ഫണ്ടുകളും സ്മോൾക്യാപ് 250ന്റെ ഇൻഡക്സ്, ഇ.ടി.എഫ് ഫണ്ടുകളുമാണ് വിപണിയിൽ അവതരിപ്പിച്ചത്. നിഫ്റ്റി 500ൽ ലിസ്റ്റ് ചെയ്തിട്ടുള്ള 101 മുതൽ 250 വരെയുള്ള കമ്പനികളാണ് നിഫ്റ്റി മിഡ്ക്യാപ് 150 ഇൻഡക്സ് ഫണ്ടിലുള്ളത്. വിപണിയിൽ മികച്ച പ്രകടനം നടത്തുന്ന ഇത്തരം കമ്പനികളുടെ ഓഹരികളിൽ നിക്ഷേപിക്കുന്നതിലൂടെ മികച്ച വരുമാനം ലഭിക്കുമെന്ന് ഡി.എസ്.പി മുചൽ ഫണ്ടിന്റെ ഇൻവെസ്റ്റ്മെന്റ് ആന്റ് പ്രൊഡക്ട്സ് വിഭാഗം മേധാവി അനിൽ ഗെലാനി പറഞ്ഞു. മൂലധന വിപണികൾക്ക് പുറമെ, വ്യവസായിക ഉൽപന്നങ്ങൾ, ആരോഗ്യമേഖലയിലെ ഉപകരണങ്ങൾ, കെട്ടിട നിർമാണ സാമഗ്രികൾ, വസ്ത്ര വ്യാപാര മേഖല എന്നീ വിഭാഗങ്ങളിലെ കമ്പനികളിലാണ് പ്രധാനമായും നിക്ഷേപം നടത്താനാകുക. രാജ്യത്തെ മിഡ്ക്യാപ്, സ്മോൾക്യാപ് സൂചികകൾ വളർച്ചയുടെ പാതയിലാണ്. അച്ചടക്കത്തോടെയുള്ള നിക്ഷേപരീതി കൂടുതൽ കാലത്തേക്ക് മികച്ച വരുമാനം നേടിത്തരുമെന്ന് പഠനങ്ങൾ പറയുന്നു.

ഇത്തരത്തിലുള്ള പുതിയ ഫണ്ടുകളാണ് വിപണിയിൽ അവതരിപ്പിച്ചിട്ടുള്ളതെന്നും അനിൽ ഗെലാനി പറഞ്ഞു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com